# ഭാഷാഷ്ടപദി

രാമപുരത്തു വാരിയർ

# ഭാഷാഷ്ടപദി

കാവ്യം

## രാമപുരത്തു വാരിയർ

താളിളക്കം

2020

| | |
|---|---|
| പേര്: | **ഭാഷാഷ്ടപദി** |
| ഭാഷ | മലയാളം |
| വിഭാഗം: | കാവ്യം |
| രചന: | രാമപുരത്തു വാരിയർ |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# ഭാഷാഷ്ടപദി

## രാമപുരത്തു വാരിയർ

## സർഗം ഒന്ന്

മേഘൈർ മേദുരമംബരം വനഭുവശ്യാമാസ്തമാലദ്രുമൈ-
ർന്നക്തം ഭീരുരയം ത്വമേവ തദിമം രാധേഗൃഹം പ്രാപയ!
ഇത്ഥനന്ദനിദേശതശ്ചലിതയോഃ പ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജയന്തി യമുനാകൂലേ രഹഃകേളയഃ!!

വാഗ്ദേവതാ ചരിത ചിത്രിത ചിത്തസത്മാ
പദ്മാവതീ ചരണ ചാരണ ചക്രവർത്തി
ശ്രീവാസുദേവരതികേളി കഥാസമേത-
മേതം തനോതി ജയദേവകവിപ്രബന്ധം

യദി ഹരിസ്മരണേ സരസം മനോ
യദി വിലാസ കലാസു കുതൂഹലം
മധുരകോമളകാന്തപദാവലിം
ശൃണു തദാ ജയദേവ സരസ്വതിം

വാചഃ പല്ലവയത്യുമാപതിധരഃ സന്ദർഭശുദ്ധിം ഗിരാം
ജാനീതേ ജയദേവ ഏവ ചരണ ശ്ലാഘ്യോ ദുരൂഹാദ്രുതേ!
ശൃംഗാരോത്തര സല്പ്രമേയരചനൈരാചാര്യഗോവർദ്ധന-
സ്പർദ്ധീ കോപി ന വിശ്രുതശ്രുതിധരോ ധോയീ കവിക്ഷ്മാപതി!!

ശ്രീമാർത്താണ്ഡമഹീമഹേന്ദ്രനരുളിച്ചെയ്കിട്ടു, മന്ദോപിഞാ-
നാമൃഷ്ടാഷ്ടപദീഗതം പദകദംബം ഭാഷയാക്കീടുവാൻ
സാമോദം തുനിയുന്ന തുഷ്യതു ഭൃശം ശ്രീപത്മനാഭോ മമ
സ്വാമീ രാമപുരേശ്വരശ്ച ഭഗവാൻ കൃഷ്ണൻ പ്രസാദിയ്ക്കമേ.

## ഒന്നാം അഷ്ടപദി ഭാഷ

നിരവധി ലയകടലിൽ തിരകളി ചെയ്തുഴലും
സുരമുനിമാർക്കു സുഖത്തെ വരുത്തിയ
മാധവ, ധൃതമത്സ്യശരീര,
ജയ ജഗദീശ, ഹരേ !

ചുമലിലീ മഹിയാകും ചുമടെടുത്തധികം
വിമലതയൊടു വിലസുന്ന വിഭോ, ഹേ,
മാധവ, ധൃത കൂർമ്മശരീര,
ജയജഗദീശ, ഹരേ!

തിങ്കളിലങ്കം പോലെ തിറവിയ ദംഷ്ട്രാഗ്രേ
ശങ്കവെടിഞ്ഞവനീതലമേന്തിയ
മാധവ,ധൃത കോലശരീര,
ജയജഗദീശ, ഹരേ!

ഹിരണ്യകശിപുദേഹം വിരവൊടു പിളർന്ന നഖം
ശരണ്യമായിട്ടു മമ ശമയതു മോഹം
മാധവ, ധൃതനരഹരിരൂപ,
ജയജഗദീശ, ഹരേ!

ബലിയൊടു മൂന്നുലകും നലമൊടു മേടിപ്പാൻ
വടിവൊടു വടുവായ് വന്ന വിഭോ, ഹേ,
മാധവ, ധൃതവാമനരൂപ,
ജയജഗദീശ, ഹരേ!

ക്ഷത്രിയരുടെ രുധിരം കൊണ്ടു കയം തീർത്തു
തത്ര മുഴുകിപ്പിതൃതർപ്പണം ചെയ്തൊരു
മാധവ, ധൃതഭാർഗവരൂപ,
ജയജഗദീശ, ഹരേ!

രാവണനുടെ കണ്ഠം പത്തുമറുത്തവനേ!
പാവനപംക്തിസ്യന്ദനനന്ദന,

മാധവ, ധൃതരാഘവരൂപ,
ജയജഗദീശ, ഹരേ!

ഖലദലനം ചെയ്‌വാൻ ഹലമെടുത്തതിതാപം
കലനം ചെയ്ത ബലായ നമസ്തേ!
മാധവ, ധൃതരാമശരീര,
ജയജഗദീശ, ഹരേ!

കർമ്മനിഷേധം ചെയ്‌വാൻ ധർമ്മം പറഞ്ഞവനേ.
നിർമ്മലനിഗമത്തെ നിന്ദിച്ച വിഷ്ണോ !
മാധവ, ധൃതബുദ്ധശരീര,
ജയജഗദീശ, ഹരേ!

മ്ലേച്ഛജനമിഹ ഹനനം ചെയ്‌വാനവതാരം
ചേർച്ചയോടെ ചെയ്തു വാളെടുപ്പവനേ,
മാധവ, ധൃതകൽക്കിശരീര,
ജയജഗദീശ, ഹരേ!

ശ്രീജയദേവന്റെ രചനയുടെ ഭാഷാം
കേൾക്ക ജനങ്ങളേ ഗതിവരുമാർക്കും
മാധവ, ധൃതദശവിധരൂപ,
ജയജഗദീശ, ഹരേ!

ശ്ലോകം
വേദാനുദ്ധരതേ ജഗന്തിവഹതേ ഭൂഗോളമുദ്വിഭ്രതേ
ദൈത്യം ദാരയതേ ബലിം ചലയതേ ക്ഷത്രക്ഷയം കുർവതേ!
പൌലസ്ത്യം ജയതേ ഹലം കലയതേ കാരുണ്യമാതന്വതേ
മ്ലേച്ഛാൻ മൂർച്ഛ യതേദശാകൃതികൃതേ കൃഷ്ണയ തുഭ്യം നമഃ!!

പരിഭാഷ
വേദം വീണ്ടു, ധരിച്ചു ഭുവന, മഥഭുവം നീരിൽനിന്നുദ്ധരിച്ചു;
ഭേദിച്ചു ദൈത്യരാജം, ബലിമരുണദഹോ! ബാഹുജാൻ കൊന്നൊടുക്കി!
രക്ഷോരാജം വധിച്ചു, വരമുസലമെടുത്തു, ഭവാൻ ബുദ്ധനായി

രക്ഷാർത്ഥം കൽക്കിയാം പോലിനി ദശവപുഷം കൃഷ്ണ, വന്ദേ ഭവന്തം.

## രണ്ടാം അഷ്ടപദി ഭാഷ

ശ്രീഭഗവതിയുടെ കുചയുഗം പുണരും വിഭോ !
ശോഭയേറും പത്മനാഭ, ജയ ജയദേവ, ഹരേ!
കനകകിരീടാദിശോഭയാ ജിത ദിനകര!
ഘനകാളക, പത്മനാഭ, ജയ ജയദേവ, ഹരേ!

കാളിയഫണിയുടെ ഫണംതോറും നടനം ചെയ്തു
കേളിയാടിയ പത്മനാഭ, ജയ ജയദേവ, ഹരേ!
മുരനരകാദി വിനാശന, മുനിമാനദ,
മുരളീരത, പത്മനാഭ, ജയ ജയദേവ, ഹരേ!

ജനകസുതാശയരഞ്ജന, ജനി ഭഞ്ജന,
ജലദനിഭ, പത്മനാഭ, ജയ ജയദേവ, ഹരേ!
കമലലോചന, ലോകപാവന, കലിവിമോചന,
കമലാകാമുക, പത്മനാഭ, ജയ ജയദേവ, ഹരേ!
ഹലധരസോദര, സുന്ദര, ധൃതമന്ദര,
രമിതേന്ദിര, പത്മനാഭ, ജയ ജയദേവ, ഹരേ!
ശ്രീജയദേവ കൃതേരിയം പരിഭാഷതേ
കുരുതാം മുദം പത്മനാഭ, ജയ ജയദേവ, ഹരേ!

ശ്ലോകം

പത്മാപയോധരതടീ പരിരംഭലഗ്ന-
കാശ്മീര മുദ്രിതമുരോ മധുസൂദനസ്യ!
വ്യക്താനുരാഗമിവ ഖേലദനംഗഖേദ-
സ്വേദാംബു പൂരമനുപൂരയതു പ്രിയംവഃ !!

വസന്തേ വാസന്തീകുസുമസുകുമാരൈരവയവൈർ-
ഭ്രമന്തീം കാന്താരേ ബഹുവിഹിതകൃഷ്ണാനുസരണാം!
അമന്ദം കന്ദർപ്പജ്വരജനിത ചിന്താകുലതയാ
വലദ്ബാധാം രാധാം സരസമിദമൂചേ സഹചരീ !!

പരിഭാഷ

വസന്താദ്യേകാലേ വളരുമൊരു മാരന്റെ സഹസാ
സസന്താപം പങ്കേരുഹനയനനാം കൃഷ്ണനെവനേ
തിരഞ്ഞീടും നേരത്തതിവിവശയാം രാധയൊടസൌ
കരഞ്ഞീടായ്‌വാനിങ്ങനെ സഖി പറഞ്ഞൂ പടുതരം.

**മൂന്നാം അഷ്ടപദി ഭാഷ**

ചന്ദനപർവത മന്ദമരുത്തും
ചഞ്ചല വണ്ടുകളുടെ ഝംകൃതിയും
സുന്ദരി കുയിലുകളുടെ സൂക്തിയും
സുഖമേകുമിഹ വസന്തേ.
ശൃണുസഖി, കൃഷ്ണൻ ക്രീഡിക്കുന്നു തൃഷ്ണതകും
സഖിമാരൊടു സാകം കൃപയുള്ളൊരു മുകുന്ദൻ.

മന്മഥമഥനം കൊണ്ടു കരഞ്ഞും
മരണമതിൽ സുഖമെന്നു പറഞ്ഞും
കല്മഷമോർക്കും വിരഹിണിമാരെ-
ക്കരയിക്കുന്നു കാലം......(ശൃണുസഖി)

പ്ലാശുനുകളഹോ യുവഹൃദയം
ക്ലേശം കൂടാതെ ഭേദിപ്പാൻ
ആശമുഴുത്തൊരു കാമദേവന്റെ നഖ-
രാശികണക്കെ വിളങ്ങീടുന്നു....(ശൃണു സഖി)

പുന്നപ്പൂവുവിടർന്നിതു മനസിജ-
മന്നവ വീരന്റെ-
പൊന്നുങ്കാലുള്ളൊരു വെള്ളക്കുട
മിന്നുന്നതുപോലെ മിന്നുന്നു....(ശൃണു സഖി)

ഫുല്ലമല്ലിക കുറുമൊഴി പിച്ചക-
മെല്ലാ മലരുകടേയും

നല്ല സുഗന്ധം നാസിക മുറ്റും
ചൊല്ലാവല്ലൊരു ശോഭയുമേറ്റം. ....(ശൃണു സഖി)

മന്ദാകിനിയുടെ സഖി യമുനാനദി;
വൃന്ദാവനമതു നന്ദനതുല്യം;
നന്ദകുമാരനു മിത്രനമൊക്കും;
നന്നൊരു യോഗം ഭുവിനാസ്ത്യേവം !.. ....(ശൃണു സഖി)

ജയദേവോക്തികളോർക്കും തോറും
ഭയമേറുന്നു ഭാഷചമപ്പാൻ
ജയഹേ കൃഷ്ണ! പിഴപ്പിക്കല്ലേ
ദയപെയ്തീടുക ദാസനിലേറ്റം!.. ....(ശൃണു സഖി)

ശ്ലോകം

ദരവിദലിതമല്ലീവല്ലി ചഞ്ചൽപരാഗ-
പ്രകടിതപടവാസൈർവാസയൻ കാനനാനി !
ഇഹഹി ദഹതി ചേത: കേതകീഗന്ധബന്ധു:
പ്രസരദസമബാണ പ്രാണവദ് ഗന്ധവാഹ: !!

ഉന്മീലന്മധുഗന്ധലുബ്ധമധുപവ്യാധൂത ചൂതാങ്കുര-
ക്രീഡൽ കോകിലകാകളീകളകളൈരുൽ ഗീർണ്ണകർണ്ണജ്വരാ:!
നീയന്തേ പഥികൈ: കഥംകഥമപി ധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാസമാഗമരസോല്ലാസൈരമീ വാസരാ: !!

അനേകനാരീ പരിരംഭ സംഭ്രമ-
സ്ഫുരൻമനോഹാരി വിലാസലാലസം !
മുരാരിമാരാദുപദർശയന്ത്യസൌ
സഖീസമക്ഷം പുനരാഹ രാധികാം !!

പരിഭാഷ

നാനാനാരീജനാലിംഗന സുലഭസുഖം കൊണ്ടുതാനേരമിച്ചും,
ഗാനാദീനാം പ്രയോഗൈരരുവയരെ രമിപ്പിച്ചു ചേതസ്സഴിച്ചും,
സാനന്ദം ക്രീഡചെയ്തീടിന സകലജഗന്നായകം ദർശയന്തീ
മാനിച്ചമ്പോടു ഭൂയസ്സരസസരസയാമാളി രാധാം ബഭാഷേ.

## നാലാം അഷ്ടപദി ഭാഷ

പീതാംബര ചന്ദനചർച്ചകളും
പീലിചാർത്തും വനമാലികയും
നൂതനകുണ്ഡലയുഗവും നോക്കുക
നൂനമനഗനമിവനോടൊപ്പം
ഹരി ശോഭിക്കുന്നതു കണ്ടോ നീ
പരിചിതസുന്ദരിമാരുടെ മദ്ധ്യേ
ഗോവിന്ദനെ ഗാഢം പുൽകീട്ടൊരു
ഗോപസ്ത്രീ ഗാനം ചെയ്യുന്നു
കോവിദയാമവളുടെ ശാരീരം
കോകിലകളേയും കോപിപ്പിക്കും...(ഹരി.....)

മുരരിപുവിന്റെ മുഖം ധ്യാനിച്ചൊരു
മുനിവൽ കണ്ണുമടച്ചിട്ടേകാ
കരചരണാദി ശരീരമശേഷം
കമ്പളിപ്പാനാരംഭിക്കുന്നു. (ഹരി....)

ചെവിയിലൊരുത്തി പതുക്കെപ്പറവാൻ
ചെന്നപ്പോൾ പ്രിയമുദ്ഗതപുളകം
കവിളുകളിൽ ചുംബിച്ചു വാഞ്ഛിത
കളികൾക്കില്ല പറഞ്ഞാലന്തം (ഹരി....)

വഞ്ചുളകുഞ്ജത്തിങ്കലിരിക്കും
പഞ്ചജനാരിയെ മറ്റൊരുനാരി
കിഞ്ചിദ്ദുകൂലേ കർഷിച്ചാളമു-
മഞ്ചിതയമുനാതടിയെ നയിപ്പാൻ (ഹരി....)

ഗുണനിധി ഭഗവാനൊരു കാമിനിയെ-
പ്പുണരുന്നു പുനരന്യാമേകാം
പ്രണയിനിയെച്ചുംബിച്ചിട്ടിതരാം
ഘൃണപെരുകീട്ടു കടാക്ഷിക്കുന്നു (ഹരി....)

ശ്രീജയദേവകവിക്കും കൃഷ്ണന-

മീജഗദീശ്വരനായിഹ വാഴും

## നാലാം അഷ്ടപദി ഭാഷ

തേജസ്സിന്നും തെളിക തൊഴുന്നേ
ന്നോജസ്സുണ്ടാക്കണമീ ഗാനം (ഹരി....)

വിശ്വേഷാമനുരഞ്ജനേന ജനയന്നാനന്ദമിന്ദീവര-
ശ്രേണീശ്യാമളകോമളൈരുപനയന്നം ഗൈരനംഗോത്സവം!
സ്വഛന്ദം വ്രജസുന്ദരീഭിരഭിത: പ്രത്യംഗമാലിംഗിത
ശൃംഗാരസ്സഖി! മൂർത്തിമാനിവ മധൌ മുഗ്ദ്ധോ ഹരി: ക്രീഡതി!!

അദ്യോത്സംഗവസത്ഭുജംഗകബളക്ലേശാദിവേശാചലം
പ്രാലേയപ്ലവനേച്ഛയാനുസരതി ശ്രീഖണ്ഡ ശൈലാനില:!
കിഞ്ചിൽ സ്നിഗ്ദ്ധരസാലമൌലിമുകുളാന്യാ ലോക്യഹർഷോദയ-
ദുന്മീലന്തി കുഹൂ:കുഹൂരിതി കളോത്താളാ: പിനാകാം ഗിര:!!

ശ്ലോകം

രാസോല്ലാസഭരേണ വിഭ്രമഭൃതാമാഭീരവാമഭ്രുവാ-
മഭ്യർണേ പരിരഭ്യ നിർഭരമുര: പ്രേമാന്ധയാ രാധയാ!
സാധു തദ്വദനം സുധാമയമിതി വ്യാഹൃത്യ ഗീതസ്തുതി-
വ്യാജാലിംഗിതചുംബിത സ്മിതമനോഹാരീ ഹരി: പാതുവ:!!

## സർഗം രണ്ട്

ശ്ലോകം

വിഹരതി വനേ രാധാ സാധാരണ പ്രണയേ ഹരൌ
വിഗളിതനിജോൽക്കർഷാദീർഷ്യാവശേന ഗതാന്യത:!
ക്വചിദപി ലതാകുഞ്ജേ ഗുഞ്ജന്മധു വ്രതമണ്ഡലീ-
മുഖര ശിഖരേ ലീനാ ദീനാപ്യുവാച രഹസ്സഖീം!!

പരിഭാഷ

അന്യാസക്തിമുഴുത്തു തന്നെയുമുപേക്ഷിച്ചിട്ടു വൃന്ദാവനേ
വന്യാനാം പ്രവരേ കളിക്കുമജനെക്കണ്ടിട്ടൊഴിഞ്ഞാളസൌ
ധന്യാ രാധ വനാന്തരം ഗതവതി കുഞ്ജേനിലീനാ കടൽ-
ക്കന്യാകാമുകകാംക്ഷകൊണ്ടു കരവൃതും ചെയ്തുവോചൽ സഖീം.

### അഞ്ചാം അഷ്ടപദി ഭാഷ

വണ്ടൊളിവർണ്ണന്റെ പുതുവേറുമുടലും
ചുണ്ടിനിണങ്ങിയ കുഴലും
കണ്ടിട്ടു കണ്ണന്റെ കുഴൽ വിളികേട്ടിട്ടു-
മുണ്ടായ രോമാഞ്ചം മാഞ്ഞില്ലിപ്പോഴും
രാമാനുജനിലെ രതി വളരുന്നു
രാസോത്സവരസം നിരൂപിക്കും തോറും

നീലിമാവേറിയ കേശവകേശത്തിൽ
പീലിമാലാവലി ചാർത്തിയതും
കാലിണ തൊട്ടു മുടിയോളം കോപ്പിട്ട
കോലവുമോർത്തിട്ടു കൊതിപെരുകുന്നു (രാമാനുജ....)

ഗോപികമാരുടെ മുഖംതോറും നുകർന്നിട്ടു
ലോഭം വർദ്ധിക്കും തിരുമുഖവും
കോപമൊഴിക്കും പുഞ്ചിരിവെണ്ണിലാവിന്റെ
ശോഭയുമോർക്കുമ്പോൾ പോന്നതുപിഴച്ചു (രാമാനുജ....)

രൂപഗുണം കാണ്മാൻ ചുറ്റും നിറഞ്ഞൊരു
രൂപവതിമാർക്കില്ലെണ്ണം
ശ്രീപതിയുടെ ദിവ്യാഭരണാഭകൊണ്ടു
രാപകലായിട്ടു കണ്ടതും തോന്നുന്നു (രാമാനുജ....)

പൂർണ്ണചന്ദ്രനെ നിന്ദിക്കുന്ന തിലകവും
പൂമകളുടെ മുലത്തടം മുട്ടുമുരസ്സും
ത്തുർണ്ണമരയും തുടകളും കിട്ടുവാൻ
തുണയാമോ ദൈവം തുകിലഴിയുന്നു (രാമാനുജ....)

മണിമയമകരകുണ്ഡലങ്ങളുടെ നിഴ-
ലണിതലമായുള്ള കവിളിണയും
മണലേക്കാളെണ്ണമേറുന്ന സുരാസുര-
മനുജമുനിപരിവാരവും പൂണ്ടൊരു.....(രാമാനുജ....)

കടമ്പിന്റെ ചുവട്ടീന്ന കാമദേവപട്ടു
കടവുകളിക്കുന്ന കണ്ണു തങ്കം
ഉടലൊട്ടു ചേർത്തു പുണർന്നുകൊണ്ടെന്നെയും
ഉടനൽക്കണ്ണുപൂണ്ടു രമിപ്പിച്ച (രാമാനുജ....)

ശ്രീജയദേവകവിക്കായിക്കൊണ്ടും
രാജീവലോചനനായിക്കൊണ്ടും
രാജത്വമേറിയാലുമെന്നെ മറക്കാത്ത
തേജസ്സിനായിക്കൊണ്ടും നമസ്കാരം (രാമാനുജ....)

ശ്ലോകം
ഗണയതി ഗുണഗ്രാമം ഭ്രാമം ഭ്രാമാദപി നേഹതേ
വഹതി ച പരിതോഷം ദോഷം വിമുഞ്ചതി ദൂരത: !
യുവതിഷു വലത്തൃഷ്ണേ കൃഷ്ണേ വിഹാരിണി മാം വിനാ
പുനരപിമനോ വാമം കാമം കരോതി കരോമി കിം !!

പരിഭാഷ
എന്നോടു കൂടാതെ രമിക്കകൊണ്ടു-
മെന്നേ മനസ്സാ മധുസൂദനന്റെ
കുറ്റം നിനക്കാതെ പദാരവിന്ദേ
പറ്റുന്നു ചെന്നിന്നിതിനെന്തു ചെയ്യൂ

## ആറാം അഷ്ടപദി ഭാഷ

ഇവിടെ ലതാഗൃഹത്തിങ്കലീരാത്രിയിൽ
ഇരുന്നു കരഞ്ഞു പറഞ്ഞു പീഡിക്കും
ഇവിടെ സമീപം നയിക്ക കൃഷ്ണനെ ദുഃഖം
ഹിതമൊടുകേൾപ്പിച്ചാലനുകമ്പയുണ്ടാം
സഖീ ! സന്താപം നിശമയ നീ മേ സദയം
സഹ വിഹരിച്ചൊരു ഹരിയെ വരുത്തുക.
ഹാ! വിരഹം സഹിയാ മേ.

മുമ്പിലുണ്ടായ സമാഗമേ ലജ്ജയാ
കുമ്പിട്ടോരെന്നെ മുകുന്ദൻ
തമ്പുരാൻ പടുതയാ വശത്താക്കീട്ടിവണ്ണം
പിരിഞ്ഞല്ലൽ പൊറാതെയുമാക്കീട്ടൊഴിഞ്ഞു. (സഖീ...)

കൽപ്പകവൃക്ഷത്തിന്റെ തളിരുകളാകുന്ന
തൽപ്പത്തിങ്കൽ കിടത്തീട്ടു മാം സുചിരം
മൽപ്പയോധരമദ്ധ്യേ ശയിച്ചുകൊണ്ടധരം
കെൽപ്പൊടു പാനം ചെയ്തവനേ കിട്ടിയാവൂ. (സഖീ...)

സുരതത്തളർച്ചകൊണ്ടക്ഷികളടച്ചു ഞാൻ
സുധയിൽ കുളിച്ചോണം വിയർത്തതും, കൃഷ്ണൻ
മരതകവർണ്ണൻ പുളകമണിഞ്ഞതും,
മദനമദം പൂണ്ടു ചമഞ്ഞതും, മറക്കുമോ? (സഖീ...)

മണിതമാധുരികൊണ്ടു കുയിലിന്റെ കൂജിതം
ജിതവതിയാമെന്റെ പൂങ്കുഴലഴിഞ്ഞതും

മണമേറും മലരുകൾ പൊഴിഞ്ഞതും കൃഷ്ണന്റെ
മദനശാസ്ത്രപാണ്ഡിത്യവും ഞാൻ മറക്കുമോ?...(സഖീ...)

മഞ്ജുളമഞ്ജീരമണിമയമേഖലാ
ശിഞ്ജിതയായിരുന്നെന്നെയേറ്റം
രഞ്ജിച്ചു, രതിരണം ചെയ്തിട്ടു ചുംബിച്ച

കഞ്ജലോചനനെ ഞാനെന്നിനി കാണുന്നു (സഖീ...)

നിധുവന താലരസാലയായി ഞാൻ
നിസ്സഹായയായിട്ടു നിപതിച്ചതും
മധുവൈരി തൃപ്തനായ്ക്കണ്ണടച്ചതും
മകരകേതനൻ പ്രസാദിച്ചതും മയക്കുന്നു (സഖീ..)

ശ്ലോകം

ഹസ്തസ്രസ്തവിലാസവംശമനൃജുഭ്രൂവല്ലിമദ്വല്ലവീ-
വൃന്ദോത്സാരിദൃഗന്ത വീക്ഷിതമതിസ്വേദാർ ദ്രഗണ്ഡസ്ഥലം!
മാമുദ്വീക്ഷ്യ വിലക്ഷിതസ്മിതസുധാമുഗ്്ദ്ധാനനം കാനനേ
ഗോവിന്ദം വ്രജസുന്ദരീഗണവൃതം പശ്യാമി ഹൃഷ്യാമിച!!

ദുരാലോകസ്തോകസ്തബകനവകാശോകലതികാ-
വികാസഃ കാസാരോപവനപവനോപി വ്യഥയതി!
അപി ഭ്രാമ്യൽ ഭൃംഗീരണിതരമണീയാ ന മുകുള-
പ്രസൂതിശ്ചുതാനാം സഖി! ശിഖരിണീയം സുഖയതി!!

സാകൂതസ്മിതമാകുലാകുലഗളദ്ധമ്മില്ല മുല്ലാസിത-
ഭ്രൂവല്ലികമളീകദർശിതഭുജാമൂലാർദ്ധ ദൃഷ്ടസ്തനം!
ഗോപിന്നാം നിഭൃതം നിരീക്ഷ്യ ഗമിതാകാംക്ഷശ്ചിരം ചിന്തയ-
ന്നന്തർ മുഗ്ദ്ധമനോഹരോ ഹരതുവഃ ക്ലേശം നവഃ കേശവഃ!!

പരിഭാഷ

വീണാവാണി മുകുന്ദനെന്നെ വിപിനേ കണ്ടപ്പൊളെ ഹസ്തതോ
വീണു വേണു കുറഞ്ഞു ലീലകളിലേ ലൌല്യം വ്രജസ്ത്രീജനം
കേണു ളുണിവ നിന്നുപോയി ഭഗവാൻ കിം ഭൂയസാ കൃഷ്ണനെ
കാണുന്നു പരമാണുകൽപ്പഹൃദയേ ഹൃഷ്യാമി ഞാനഞ്ജസാ.

**കുഞ്ചൻ നമ്പ്യാർ**

സർഗം മൂന്ന്

ശ്ലോകം
കംസാരിരപി സംസാര-
വാസനാബദ്ധശൃഖലാം
രാധാമാധായ ഹൃദയേ
തത്യാജ വ്രജസുന്ദരി

ഇതസ്തതസ്താ മനുസൃത്യ രാധികാ-
മനംഗബാണവ്രണഖിന്ന മാനസാ: !
കൃതാനുതാപസ്സ കളിന്ദനന്ദിനി
തടാന്തകുഞ്ജേ നിഷസാദ മാധവ: !!

പരിഭാഷ
കാട്ടീന്നംഗനമാരെ മാധവവിടൻ വീട്ടിന്നയച്ചിട്ടുടൻ
കാട്ടീടാതെ കളിന്ദജാതടതരുത്തോട്ടത്തിലെത്തിത്തദാ
വാട്ടം വിട്ടൊരു രാധികാവിരഹസന്താപം പൊറാഞ്ഞാധിനാ
വാട്യാം തത്ര വിഷണ്ണനായിവിലപന്നായിട്ടു വാണു ചിരം.

## കുഞ്ചൻ നമ്പ്യാർ

ഏഴാം അഷ്ടപദി ഭാഷ
(ഭൂപാളരാഗം - ത്രിപുടതാളം)

രാധകോപിച്ചിട്ടെങ്ങുപോയെന്നു ബോധിക്കായ്കകൊണ്ടെത്രയും
ബാധയായിച്ചമഞ്ഞു ബന്ധുക്കളാധി തീർപ്പതിനില്ല
ശിവശിവഃ സഹിക്കവഹിയാ സാഹസോദിതപീഡ
ശിവശിവഃ സഹിക്കവഹിയാ.

കുറ്റമല്ലവൾ പോയതും മമ കുസൃതികൊണ്ടത്രേ സാമ്പ്രതം
മറ്റുപലരേയും രമിപ്പിക്കുന്നതു മാനിനിക്കിഷ്ടമാമോ- (ശിവശിവ)
എന്തുചെയ്യും വിയോഗംകൊണ്ടവളെന്നറിഞ്ഞില്ല പാവകേ
വെന്തു ചാകയോ നഞ്ചുതിങ്കയോ വേദനാ ദഹതി- (ശിവശിവ)

അത്രനല്ല കളത്രമില്ലെങ്ങുമാർക്കുമിന്നിഹ താം വിനാ
മിത്രവിത്തഗൃഹാദിഭിർ മമ കിംഫലം മ്രിയതേത്ര- (ശിവശിവ)
തന്വി കാമമസൂയയെക്കൊണ്ടുതന്നെ നീപോയതെന്നിയേ
മന്യുവിന്നൊരു ഹേതുമൽക്കൃതമന്യമെന്തതു നാസ്തി- (ശിവശിവ)

ദോഷമുണ്ടെങ്കിലും ക്ഷമിക്കണം ഡോളയാടുന്ന മാനസം
രോഷിച്ചിടാതെ ദർശനം ദേഹി തേ ഹിതം കരവാണി-(ശിവശിവ)
നീ പുരോമമദൃശ്യസേ മണിനൂപുരാദി കിലുങ്ങവേ
താപമാറുവാൻ വന്നു പുണരുക രൂപശാലിനീ രമണീ- (ശിവശിവ)

ശ്രാവ്യമാം ജയദേവകവിയുടെ കാവ്യത്തെച്ചുരുക്കീട്ടു ഞാൻ
ഭവ്യയായൊരു ഭാഷയാക്കുന്ന ഭാരതീ മുദിതാസ്തുമേ (ശിവശിവ)

ശ്ലോകം

കുവലയദളശ്രേണീ കണ്ഠേനസാ ഗരളദ്യുതിർ-
ഹൃദി ബിസലതാഹാരോ നായം ഭുജംഗമനായകഃ !
മലയജരജോ നേദം ഭസ്മ പ്രിയാരഹിതേ മയി
പ്രഹര ന ഹരഭ്രാന്ത്യാനംഗ ക്രുധാ കിമുധാവസി !!

പാണൌ മാ കുരു ചൂതസായകമരും മാ ചാപമാരോപയ
ക്രീഡാ നിർജ്ജിതവിശ്വഃ മൂർഛിത ജനാഘാതേന കിം പൌരുഷം!
തസ്യാ ഏവ മൃഗീദൃശോ മനസിജ പ്രേംഖൽ കടാക്ഷാശുഗ-
ശ്രോണീ ജർജ്ജരിതം മനാഗപി മനോ നദ്യാപി സന്ധുക്ഷതേ !!

ഭ്രൂചാപേനിഹിതഃ കടാക്ഷവിശിഖോ നിർമ്മാതു മർമ്മവ്യഥാം
ശ്യാമാത്മാ കുടിലഃ കരോതു കബരീഭാരോപി മാരോദ്യമം!
മോഹം താവയദഞ്ച തന്വി! തന്വതാം ബിംബാധരോ രാഗവാൻ
സ്തദ്വൃത്തസ്തനമണ്ഡലസ്തവ കഥം പ്രാണൈർമ്മമ ക്രീഡതി !!

താനിസ്പർശസുഖാനി തേ ച തരളസ്നിഗ്ദ്ധാ ദൃശോർവിഭ്രമ-
സ്തദ്വക്ത്രാംബുജസൌരഭം സ ച സുധാസ്യന്ദീ ഗിമാം വക്രിമാ !

സാ ബിംബാധരമാധുരീതി വിഷയാസംഗേപി ചേന്മാനസം
തസ്യാം ലഗ്നസമാധി ഹന്ത! വിരഹവ്യാധിഃ കഥം വർത്തതേ? !!

ഭ്രൂവല്ലരി ധനുരപാംഗതരംഗിതാനി
ബാണാഗുണാഃ ശ്രുവണപാളിമിതി സ്മരേണ!
അസ്യാമനം ഗജയജം ഗമദേവതായാ-
മസ്ത്രാണി നിർജ്ജിത ജഗന്തി കിമർപ്പിതാനി !!

തിര്യക് കണ്ഠവിലോല മൌലിതരളോത്തംസസ്യ വംശോച്ചലൽ
ഗീതീസ്ഥാനകൃതാവധാനലലനാലക്ഷൈർന്ന സംലക്ഷിതാഃ !
സമ്മുഗ്ദ്ധാ മധുസൂദനസ്യ മധുരേ രാധാമുഖേന്ദൌ മൃദു-
സ്പന്ദം കന്ദളിതാശ്ചിരം ദദതുവ ക്ഷേമം കടാക്ഷോർമ്മയഃ !!

**കുഞ്ചൻ നമ്പ്യാർ**

സർഗം നാല്

ശ്ലോകം

യമുനാ തീരവാനീര
നികുഞ്ജേ വന്ദമാസ്ഥിതം!
സാഹ പ്രേമഭരോൽഭ്രാന്തം
മാധവം രാധികാസഖീ!!

പരിഭാഷ

ഏവം വിലപ്യ യമുനാതടകുഞ്ജഗേഹേ
മേവുമ്പൊളമ്പൊടു തിരഞ്ഞു നടന്നു കാണ്മാൻ
ഭാവിച്ച രാധികയുടേ സഖി വന്നവണ്ണ-
മാവിശ്വനാഥനെ നമിച്ചുരചെയ്തു കാര്യം.

**കുഞ്ചൻ നമ്പ്യാർ**

എട്ടാം അഷ്ടപദി ഭാഷ
(സൗരാഷ്ട്രം - ഏകതാളം)

ചന്ദനവും ചന്ദ്രന്റെ വെണ്ണിലാവും
മന്ദനാം മലയമരുത്തും
സന്ദഹിപ്പാ നിവ തീയും കാറ്റും പോലെ
സുന്ദരിയോടണയുന്നു
ഹാ, വിരഹംകൊണ്ടു രാധാ, കൃഷ്ണാ,
വാവിട്ടു കരയുന്നു കാമം
പൂവമ്പന്റെ വമ്പുപേടിച്ചവൾ നിങ്കൽ
ഭാവനയാ മുഴുകുന്നു- (ഹാ)

അദയനനംഗനെയ്യുമമ്പുകൊള്ളാത്തോണം
ഹൃദയേ നിന്നെ രക്ഷിപ്പാൻ
അംബുരുഹദളമാലയെ മുഹുരപി
ധവളനീർ തളിച്ചണിയുന്നു- (ഹാ)

സാ മത്തകാമന്റെ ശരതൽപ്പകൽപ്പമാം
പൂമെത്തയിന്മേലിദാനീം
ശ്രീമത്തമാനിന്നെപ്പുണരുവാൻ വ്രതിനിവ
നാമത്തെ ജപിച്ചിട്ടുശേതേ- (ഹാ)

ചണ്ഡനാം രാഹുവിന്റെ പല്ലുപതിച്ചിട്ടു
ചലദമൃതം ചൊരിഞ്ഞിട്ടും
ചന്ദ്രനെപ്പോലെ കണ്ണീരിനെ വാർക്കുന്ന
വദനത്തെ വഹിക്കുന്നു വാമാ- (ഹാ)

വസ്തുതയാ മാരൻ തന്നെയാം നിന്നെയും
കസ്തൂരികൊണ്ടു മീനത്തേയും
കൈത്തലേ മാവിന്റെ പൂ കണയാക്കീട്ടും
ഭിത്തിമേലെഴുതിത്തൊഴുന്നു- (ഹാ)

തൊഴുമ്പൊളൊക്കെയുമിവളതിനെയുമിരക്കുന്നു
മഴകൊണ്ടൽവർണ്ണാ നമസ്കാരം
പിഴച്ചാലും ത്യജിക്കല്ലേ പീയുഷനിധിയു-
മെഴുന്നവന്നെന്നെ വെണ്ണീരാക്കും (?)- (ഹാ)

ധ്യാനലയം കൊണ്ടഗ്രുഭവി ത്വാ-
മാനയിച്ചീടുന്നു നിർത്തീടുന്നു
മാനിനി വിലപിക്കുന്നു ഹസിക്കുന്നു
മനസി വിഷാദിക്കുന്നു- (ഹാ)

ശ്രീജയദേവനാം കവിയാൽ കഥിതം
ശ്രീജയദമിദം ഗേയം
രാജതി രാധാസഖിയുടെ വചനം
രാജർഷീശ്വരനാലും. (?)- (ഹാ)

ശ്ലോകം

ആവാസോ വിപിനായതേ പ്രിയസഖീമാലാപി ജാലായതേ
താപോ നിശ്വസിതേന ദാവദഹനജ്വാലാ കലാപായതേ !
സാപി തദ്വിരഹേണ ഹന്ത ! ഹരിണീരൂപായതേ ഹാ! കഥം
കന്ദർപ്പോപി യമായതേ വിരചയൻ ശാർദ്ദൂലവിക്രീഡിതം !!

പരിഭാഷ
(ആര്യാ)

വീടുകൊട്ടുംകാടായി
വടിവോട്ടുടനാളിമാല വലയായി
ചൂടീശനിശ്വസിതകാ-
റ്റേറ്റുവളർന്നിട്ടു കാട്ടുതീയായി
അവളും നിന്തിരുവടിയുടെ
വിരഹംകൊണ്ടിവിടെ മൃഗവധുവായി
കന്ദർപ്പൻ കടുവായുടെ

കൂട്ടു കളിച്ചിട്ടു കാലനായ് വരുമോ.

## കുഞ്ചൻ നമ്പ്യാർ

ഒമ്പതാം അഷ്ടപദി ഭാഷ
(ദേശാക്ഷിരാഗം - ഏകതാളം)

മുലകളിലണിഞ്ഞൊരു മൌക്തികമാലയെ
മലയെന്നു മലയെന്നു കരുതുന്നു കനംകൊണ്ടു കാമിനി
രാധികാ, കൃഷ്ണാ, രാധികാ വിരഹേ തവ കേശവ , രാധികാ

ചാലിച്ചു ചാർത്തിയ ചന്ദനത്തെ ഗുണ-
ശാലിനി വിഷമെന്നു ശങ്കിച്ചീടുന്നു - (രാധികാ)

ആസകലം ഗാത്രം വ്യാപിച്ചു ചരിച്ചീടും
ശ്വാസാനിലം മദനാനലമിവധത്തെ – (രാധികാ)

ശയനത്തിൽ കിടന്നുകൊണ്ടഖില ദിക്കുകളേയും
നയനനളിനദളങ്ങളെക്കൊണ്ടർച്ചതിസാ- (രാധികാ)

തളിരുകൊണ്ടുള്ളൊരു തളിമത്തെത്തണത്തിട്ടും
പ്രളയവൻഹിയെന്നുള്ളിൽ പ്രണയിനി നിനയ്ക്കുന്നു- (രാധികാ)

സായംകാലം ബാലചന്ദ്രനെപ്പോലെ
സേയം കരംകൊണ്ടു കപോലത്തെ വഹിക്കുന്നു- (രാധികാ)

ഹരിഹരിയെന്നു ജപിക്കുന്നു നിന്റെ
വിരഹംകൊണ്ടു വീണുപോയവളിന്നു നൂനം- (രാധികാ)

ശ്രീജയദേവന്റെ കൃതിയുടെ ഭാഷേ
രാജയശസ്സിനെ രാജയജയ നീ- (രാധികാ)

ശ്ലോകം

സ്മരാതുരാം ദൈവതവൈദ്യഹൃദ്യ
ത്വദംഗസംഗാമൃതമാത്രസാധ്യാം!

വിമുക്തബാധാം കുരുഷെ ന രാധാ-
മുപേന്ദ്രവജ്രാ,ദപി ദാരുണോƒ സി !!

സാ രോമാഞ്ചതി സീൽക്കരോതി വിലപത്യുൽക്കമ്പതേ താമ്യതി
ധ്യായാത്യുൽഭ്രമതി പ്രമീലതി പതത്യുദ്യാതി മൂർഛത്യപി !
ഏതാവത്യതനുജ്വരേ വരതനുർജ്ജീവേന്ന കിന്തേ രസാൽ
സ്വർവ്വൈദ്യപ്രതിമ! പ്രസീദസിയതി ത്യക്താƒന്യഥാന്യൽ പരം!!

കന്ദർപ്പജ്വരസജ്വരാകുലതനോരത്യർഥ മസ്യാശ്ചിരം
ചേതശ്ചന്ദനചന്ദ്രമഃ കമലിനീചിന്താസു സന്താമ്യതി!
കിന്തു ക്ലാന്തിവശേന ശീതളതനും ത്വാമേകമേവപ്രിയം
ധ്യായന്തീ രഹസി സ്ഥിതാ കഥമപിക്ഷീണാക്ഷണം പ്രാണിതി !!

ക്ഷണമപിവിരഹഃ പുരാ ന സേഹേ
നയനനിമീലിതഖിന്നയാ യയാതേ!
ശ്വസിതു കഥമസൌ രസാളശാഖാം
ചിരവിരഹേƒപി വിലോക്യ പുഷ്പിതാഗ്രാം!!

വൃഷ്ടിവ്യാകുലഗോകുലാവനരസാദുദ്ധൃത്യ ഗോവർദ്ധനം
വിഭ്രദ്വല്ലവവല്ലഭാഭിരധികാനന്ദം ചിരം ചുംബിതഃ !
ദർപ്പേണേവ തദർപ്പിതാധരതടീ സിന്ദൂരമുദ്രാങ്കിതോ
ബാഹുർഗ്ഗോപപതേസ്തനോതു ഭവതാം ശ്രേയാംസി കംസദ്വിഷഃ !!

## കുഞ്ചൻ നമ്പ്യാർ

സർഗം അഞ്ച്

ശ്ലോകം

അഹരിഹ നിവസാമി യാഹി രാധാ-
മനുനയ മദ്വചനേന ചാനയേഥാ: !
ഇതി മധുരിപുണാ സഖീ നിയുക്താ
സ്വയമിദമേത്യ പുനർജ്ജഗാദ രാധാം !!

പരിഭാഷ
(ആര്യാ)

ഞാനിവിടെ വസിക്കാം നീ
മാനിനിയെ ചെന്നു കൊണ്ടുവന്നാലും
ഇതി കൃഷ്ണന്റെ നിയോഗാൽ
കൃതിനി സഖിചെന്നു രാധയോടൂചേ

**കുഞ്ചൻ നമ്പ്യാർ**

പത്താം അഷ്ടപദി ഭാഷ

(പുന്നാഗവരാളി - ഏകതാളം)

മലരമ്പന്റെ മലയവായുവാനം കൊണ്ടും
സുലഭകുസുമവികാസം കലനം ചെയ്കകൊണ്ടും-രാധേ,
തവവിരഹംകൊണ്ടു കൃഷ്ണൻ വിവശനായി വലയുന്നു
ചന്ദ്രിക ചാമ്പലാക്കീടുമെന്ന് ചിത്തേ ചിന്തിച്ചിട്ടും
തന്ദ്രി കളഞ്ഞെയ്തു മാരൻ തന്നെ ഉരം കെടുത്തിട്ടും- (തവ)

വണ്ടുകളുടെ ഝംകാരംകൊണ്ടു ചെവിപൊത്തീടുന്നു
തണ്ടലരുകളുടെ തതികണ്ടിട്ടു കണ്ണടയ്ക്കുന്നു- (തവ)
നല്ല മന്ദിരം ത്യജിച്ചു കല്ലിലും മുള്ളിലും വനേ
വല്ലഭയാം നിന്റെ നാമം ചൊല്ലിക്കൊണ്ടു നടക്കുന്നു- (തവ)

ജയദേവഭണിതി ഭാഷാ ജയദയായിട്ടു തീർന്നാവൂ
നയനിധിയാം നരനാഥന്റെ നയനമായി വന്നാവൂമേ- (തവ)

ശ്ലോകം

പൂർവം യത്ര സമം ത്വയാ രതിപതേരാസാദിതാസ്സിദ്ധയ-
സ്തസ്മിന്നേവ നികുഞ്ജമന്മഥമഹാതീർഥേ പുനർമ്മാധവഃ !
ധ്യായംസ്ത്വാമനിശം ജപന്നപിത വൈവാലാപമന്ത്രാവലിം
ഭൂയസ്ത്വൽ കുചകുംഭ നിർഭരപരീരംഭാമൃതം വാഞ്ഛതി !!

പരിഭാഷ

മുന്നം നിന്നൊടുകൂടിയെത്രതരമോ ക്രീഡിച്ചു തത്രൈവഹേ
കന്നൽക്കണ്ണി വസന്തവല്ലി വസതൌ മേവുന്ന ദാമോദരൻ
പിന്നത്തെക്കഥ ചൊല്ലവല്ല വിരഹംകൊണ്ടുള്ള താപം ഉലോം
നിന്നെക്കാട്ടിലുമേറുമീശ്വരനഹോ കിം ഭൂയസാ രാധികേ.

**കുഞ്ചൻ നമ്പ്യാർ**

പതിനൊന്നാം അഷ്ടപദി ഭാഷ

(കേദാഗൗഡം - ഏകതാളം)

യമുനാതീരനികുഞ്ജകുടീരേ മരുവീടുന്ന മുകുന്ദൻ
അമുനാ നിന്റെ വിശേഷമശേഷം ശ്രുതമായ് മമ വാചാ
ഹേ സഖി രാധേ, ശൃണുമേവാചം, ഹാ സഹിയാ തവ സാദം ഹരി
വിരഹോദിത വേദന വേണ്ടാ പരിഹരിച്ചീടുവൻ ഖേദം.....(ഹേ സഖി)

കേണുവസിക്കും നിന്നെക്കേശവവേണു വിളിച്ചീടുന്നു
കാണണമെങ്കിൽ പോരിക കമലാകാമുകനെക്കാട്ടീടാം....(ഹേസഖി)

പക്ഷി പറക്കുമ്പോളും പവനൻ വൃക്ഷമിളക്കുമ്പോളും
ശിക്ഷവരുത്തീടുന്നു ശയനം ഹരി തവ വരവോർക്കുന്നു .. (ഹേ സഖി)

കളക ചിലമ്പുപുലമ്പും ഗമനേ കളിനേരത്തുകലമ്പും
കലയ കറുത്തനിചോളം വക്ഷസി കരുണാനിധിയെ ഗമിപ്പാൻ....(ഹേ സഖി)

കരുതിയ കനകനിറത്തൊടുകൂടെ നീ മരതകവർണ്ണന്റെ മാറിൽ
പരിചൊടു മിന്നൽപ്പിണരിവ മേഘേ പരമേ, മിന്നുക -പോക- (ഹേ സഖി)

പടമാക്ഷേപിച്ചിട്ടു വരന്റെ കടിതടയിങ്കൽ കാമം
ഘടയതു ഘനജഘനം ഭവതി, രതിപടുത ചൊൽവാനെളുതാമോ- (ഹേ സഖി)

രാമാനുജനഭിമാനീ, രാത്രി വിരാമത്തെ പ്രാപിക്കും
കാമിനി നീ ചെന്നാർത്തിഹരന്റെ കാം പൂരയതുർണ്ണം (ഹേ സഖി)

ശ്രീജയദേവന്റെ കൃതിയുടെ ഭാഷയെ ഗാനം ചെയ്തുകൊണ്ടാരും
ശ്രീജാനിയെ നമിച്ചഭിനയിച്ചാടുക പാപമശേഷം തീരും (ഹേ സഖി)

ശ്ലോകം

വികിരിതി മുഹുഃശ്വാസാനാശാം പുരോ മുഹുരീക്ഷതേ

പ്രവിശതി മുഹുഃ കുഞ്ജം ഗുഞ്ജന്മുഹുർബ്ബഹു താമ്യതി!
രചയതി മുഹുഃ ശയ്യാം പര്യാകുലോ വലതേമുഹുർ-
മ്മദനകദനക്ലാന്തഃ കാന്തേ!പ്രിയസ്തവ വർത്തതേ!!

തദ്വാമ്യേന സമം വിധാതുരധുനാ തിഗ്മാം ശുരസ്തംഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം പ്രാപ്തം തമസ്സാന്ദ്രതാം!
കോകാനാം കരുണസ്വരേണ സദൃശീ ദീർഘാ മമാഭ്യർഥനാ
തന്മുഗ്ധേ! വിഫലം വിളംബമസൌ രമ്യോഭിസാരക്ഷണഃ !!

ആശ്ലേഷാദനു ചുംബനാദനു നഖോല്ലേഖാദനു സ്വാന്തജ-
പ്രോൽബോധാദനു സംഭ്രമാദനു രതാരംഭാദനു പ്രീതയോഃ !
അന്യാർഥം ഗതയോർഭ്രമാന്മിളിതയോ സ്സംഭാഷണൈർജ്ജാനതോർ-
ദ്ദംപത്യോർന്നിശി കോന്ന കോന്ന തമസീ വ്രീളാവിമിശ്രോ രസഃ !!

സഭയചകിതം വിന്യസന്തീം ദൃശം തിമിരേ പഥി
പ്രതിതരു മുഹുഃ സ്ഥിത്വാ മന്ദം പദാനിവിതന്വതീം !
കഥമപി രഹഃ പ്രാപ്താമംഗൈരനംഗതരംഗിതൈ-
സ്സുമുഖി! സുഭഗഃ പശ്യൻ സത്വാമുപൈതു കൃതാർത്ഥതാം !!

രാധാമുഗ്ധമുഖാരവിന്ദ മധുപസ്ത്രൈലോക്യ മൌലീസ്ഥലീ
നേപഥ്യോചിതനീലരത്നമവനീഭാരാവതാരാക്ഷമഃ !
സ്വച്ഛന്ദം വ്രജസുന്ദരീജനമനസ്തോഷപ്രദോഷശ്ചിരം
കംസധ്വംസനധൂമകേതുരവതുത്വാം ദേവകീനന്ദനഃ !!

## കുഞ്ചൻ നമ്പ്യാർ

സർഗം ആറ്

ശ്ലോകം

അഥ താം ഗന്തുമശക്താം
ചിരമനുരക്താം ലതാഗൃഹേ ദൃഷ്ട്വാ: !
തച്ചരിതം ഗോവിന്ദേ
മനസിജമന്ദേ സഖീ പ്രാഹ !!

പരിഭാഷ

വിരഹവിഹിതമാമാലസ്യഭ്രമ്മാ നടപ്പാൻ
വിരവൊടു വഹിയാ ഹാ രാധികയ്ക്കുപ്രകാരം
സരസസരസയാമത്തോഴി ചെന്നാശു നത്വാ
സരളത കരുതീടും കൃഷ്ണനോടാബഭാഷേ

## കുഞ്ചൻ നമ്പ്യാർ

പന്ത്രണ്ടാം അഷ്ടപദി ഭാഷ
(ശങ്കരാഭരണം - അടന്ത)

ഹന്ത പരാധരപാനതല്പരനായ
നിന്തിരുവടിതന്നെ ദ്ദിശിദിശികാണുന്നു
ചിന്തിക്കുന്നു രാധ ചിന്തിക്കുന്നു
സന്തതവും ത്വാമേവ വിഭോ-(ചിന്തിക്കുന്നു)

ആലസ്യംകൊണ്ടു സങ്കേതത്തെ പ്രാപിപ്പാൻ
ആളല്ലാഞ്ഞിട്ടവൾ വഴിയിൽ വീഴുന്നു- (ചിന്തിക്കുന്നു)

പിന്നെയും പിന്നെയു മാഭരണങ്ങടെ
മിന്നൽ നോക്കുന്നു താൻ കൃഷ്ണനെന്നുറയ്ക്കുന്നു- (ചിന്തിക്കുന്നു)

വാരിജനേത്രൻ വരാത്തതെന്തെന്നവൾ
വാരംവാര മാളിയോടുരചെയ്യുന്നു- (ചിന്തിക്കുന്നു)

ഹരി മുമ്പിൽ വന്നുവെന്നിട്ടവളിരുട്ടിനെ
പരിചൊടു പുണർന്നിട്ടു ചുംബിച്ചീടുന്നു- (ചിന്തിക്കുന്നു)

മോടിക്കുടീട്ട ഭവാൻ ചൊല്ലാഞ്ഞിട്ടവൾ
ആടലോടദ്ധ്വനി നോക്കിനിൽക്കുന്നു- (ചിന്തിക്കുന്നു)

ശ്രീ ജയദേവന്റെ കൃതിയേ, നമസ്കാരം
നീ ജയ ഭാഷയ്ക്കു തുണയ്ക്കു തൊഴുന്നേൻ- (ചിന്തിക്കുന്നു)

ശ്ലോകം

വിപുലപുളകപാളീ സ്വേദസീൽക്കാരമന്തർ
ജ്ജനിത ജഡിമ കാകുവ്യാകുലം വ്യാഹരന്തീ !
തവ കിതവ! വിധത്തേ മന്ദകന്ദർപ്പ ചിന്താം
രസജലനിധിമഗ്നാ ധ്യാനലഗ്നാമൃഗാക്ഷീ !!

അംഗേഷ്വാഭരണം കരോതി ബഹുശ:പത്രേപി സഞ്ചാരിണീ
പ്രാപ്തം ത്വാം പരിശങ്കതേ വിതനുതേ ശയ്യാം ചിരം ധ്യായതി !
ഇത്യാകൽപ്പവികൽപ്പതൽപ്പ രചനാ സങ്കൽപ്പലീലാശത
വ്യാസക്താപി വിനാ ത്വയാ വരതനുർന്നൈഷാ നിശാം നേഷ്യതി !!

കിം വിശ്രാമ്യസി കൃഷ്ണഭോഗി ഭവനേ ഭാണ്ഡീര ഭൂമീരുഹി
ഭ്രാത: പാന്ഥ ന ദൃഷ്ടിഗോചരമിതസ്സാനന്ദ നന്ദാസ്പദം !
രാധായാ വചനം തദ്ദ്ധ്വഗ മുഖാന്നന്ദാന്തികേ ഗൂഹതോ
ഗോവിന്ദസ്യ ജയന്തി സായമതിഥിപ്രാശസ്ത്യ ഗർഭാഗിര: !!

## കുഞ്ചൻ നമ്പ്യാർ

സർഗം ഏഴ്

ശ്ലോകം
അത്രാന്തരേ ച കുലടാകുലവർത്മഘാത
സഞ്ജാതപാതകഇവ സ്ഫുടലാഞ്ഛനശ്രീ :!
വൃന്ദാവനാന്തര മദീപയദംശുജാലൈ
ർദ്ദിക് സുന്ദരീവദനചന്ദനബിന്ദുരിന്ദു:

പ്രസരതി ശശധരബിംബേ
വിഹിതവിളംബേ ച മാധവേ വിധുരാ !
വിരചിത വിവിധ വിലാപം
സാ പരിതാപം ചകാരോച്ചൈ !

പരിഭാഷ
കെല്പേറുന്നൊരു രാധ തന്റെ മദനോന്മാദോദയം താദൃശം
പൊൽപുമാതൃമണാളനായ ഭഗവാൻ കേട്ടിട്ടഘം തേടിനാൻ
അപ്പോൾ ചന്ദ്രനദിക്കക്കൊണ്ടുമജനഞ്ചെല്ലായ്ക കൊണ്ടും ക്ഷണാൽ
പൊയ്പ്പോം ജീവിതമെന്നുറച്ചു പരിദേവിച്ചു ചിരം രാധികാ

## കുഞ്ചൻ നമ്പ്യാർ

പതിമൂന്നാം അഷ്ടപദി ഭാഷ
(ആഹരിരാഗം – ഝമ്പതാളം)

കൽപിച്ച കാലേപി കാനനേ വന്നില്ല
ചിൽപുമാനിഹ മമ വിഫലം യൗവനം
ആരെ ഞാൻ ശരണം ഗമിപ്പൂ
ആളി ചതി ചെയ്തു ( ആരെ ഞാൻ)

കാട്ടിലിമിരുട്ടത്തുചെന്നു രമിപ്പിച്ച മാം
കാമപിതാവംഗജനു കൊൽവാൻകൊടുത്തു (ആരെ....)

കൊല്ലാതെ കൊല്ലുന്ന മാരനെന്നെക്കൊന്നാവു
ചൊല്ലാവതല്ല വിരഹക്ലേശകർശനം (ആരെ....)

മണിമയാഭരണഗണമണിക ബഹുഭൂഷണം
മണിതം മറന്നിട്ടു മരുവുന്നു മാദൃശാം (ആരെ...)

മധുരമധുരാത്രി മാം വിധൂരീകരിക്കുന്ന
മധുരിപു മറ്റൊരുവളാലനുഭവിക്കപ്പെടുന്നു (ആരെ....)

മാലതീ മലരമ്പലീലയാ മാറിലെ
മാലയും കൊല്ലുവാൻ കോപ്പിടുന്നു (ആരെ.....)

അസഹായമായിട്ടു ഞാനിവിടെ മരുവുന്നു
രസഹാനികൊണ്ടെന്നെ മറന്നുവോ മാധവാ (ആരെ.....)

ജയദേവരചയുടെ പൊരുളഖിലമിന്നെന്റെ
ഹൃദയത്തിലായാവു കൃതിയെ ജനിപ്പിപ്പാൻ (ആരെ.....)

ശ്ലോകം
തൽകിം കാമപി കാമിനീമഭിസൃത: കിം വാ കലാകേളിഭിർ-

ബദ്ധോ ബന്ധുഭിരന്ധകാരിണി വനോപാന്തേ കിമുദ്രാമ്യതി !
കാന്ത ക്ലാന്തമനാഗപീ പഥി പ്രസ്ഥാതുമേവാക്ഷമ
സ്സങ്കേതീകൃത മഞ്ജുവഞ്ചുളലതാകുഞ്ജേപി യന്നാഗത:

അഥാഗതാം മാധവമന്തരേണ
സഖീമിയം വിക്ഷ്യ വിഷാദമൂകാം.
വിശങ്കമാനാ രമിതം കയാപിജനര്‍ദ്ദനം ദൃഷ്ടവദേതദാഹ !!

പരിഭാഷ
ആ വൃന്ദാവനസീമതനീതി പരിദേവിച്ചോരു രാധാ തദാ
ഗോവിന്ദേന വിനാ (ആ) ഗമിച്ച സഖിയെക്കണ്ടിച്ചു കൃഷ്ണൻ മുദാ
സ്ത്രീവൃന്ദേഷ്വൊരു സുന്ദരീം രമയതീ ത്യാലോച്യധന്യമമാ-
മാവന്ദിച്ചു പുന:സ്തുതിച്ചു ബഹുമാനിച്ചിട്ടുവാദിദിതം.

## കുഞ്ചൻ നമ്പ്യാർ

പതിനാലാം അഷ്ടപദി ഭാഷ
(കേദാരബന്ധു - അടന്ത)

സുരതരുണി സമയാമൊരവളെ ഹരി
സുരതരണേന സുഖിപ്പിക്കുന്നു
കാരണമിതറിയാ കൃഷ്ണൻ വരായ്വാൻ കാരണമിതറിയാ
കണവനിഹ വരാത്തതിനു പര- (കാരണമിതറിയാ)

അവളുടെ കാമവികാരം കണ്ടജൻ
വിവശത പൂണ്ടു മറന്നു മറ്റെല്ലാം (കാരണമിതറിയാ)

മധുരിപുവിനെ മാന്മിഴിയാളിപ്പോൾ
അധരപാനംചെയ്തു രമിച്ചീടുന്നു (കാരണമിതറിയാ)

കുചയുഗം കുലുങ്ങുന്നു കുണ്ഡലമാടുന്നു
കചഭരമഴിയുന്നു കാമിനിക്കധനാ (കാരണമിതറിയാ)

ലജ്ജകൊണ്ടവളെ ഹസിപ്പിക്കുന്നു ഹരി
ലലന കപോതരുതം കരുതുന്നു (കാരണമിതറിയാ)

പുളകമണിഞ്ഞു വിറച്ചു വിയർത്തവൾ
പുരുഷായിതം ചെയ്തു കണ്ണടയ്ക്കുന്നു (കാരണമിതറിയാ)

ശ്രമജലവുമണിഞ്ഞു കാമിനി
രമണന്റെ മാറത്തു വീണുറങ്ങുന്നു (കാരണമിതറിയാ)

ശ്രീജയദേവനെയും കൃഷ്ണനെയും
രാജേന്ദ്രനെയും വന്ദിക്കുന്നേൻ (കാരണമിതറിയാ)

ശ്ലോകം
വിരഹപാണ്ഡുമുരാരിമുഖാംബുജ
ദ്യുതിരയം തിരയന്നപി വേദനാം !

വിധുരതീവ തനോതി മനോഭവ-
സ്സുഹൃദയേ ഹൃദയേ മദനവ്യഥാം !

പരിഭാഷ
കലുഷമോചന കൃഷ്ണമുഖോപമാം
കലിതവാനപി ചന്ദ്രനിവൻ കലൻ
ജലജബാണനു ബന്ധുവിയോഗിനീർ
ജ്ജലനെരിപ്പതിനാരഭതേധുനാ

**കുഞ്ചൻ നമ്പ്യാർ**

പതിനഞ്ചാം അഷ്ടപദി ഭാഷ

(മുഖാരി - അടന്ത)

യമുനാപുളിനവഞ്ജുളവനത്തുങ്കൽ
യദുപതി സുഖിപ്പിച്ച സുന്ദരി തന്റെ
കമനലലാടേ കസ്തൂരീതിലകം
കലയന്നായിട്ടംഗമലങ്കരിപ്പിക്കുന്നു
ഭഗവാനധഇകം പരിശോഭിക്കുന്നു.
ഖഗവാഹനനനധുനാ (ഭഗവാൻ)

നീലമുകിലിന്റെ (മുഖം) നിറം പെറ്റുകൂട്ടുക (?)
ശീലാമമവളുടെ വാർകുഴലിങ്കൽ
കുലങ്കഷമായമിന്നലിന്റെ നെറികോലും
കുറിപ്പൂക്കളെപ്പേർത്തു ചാർത്തുന്നു (ഭഗവാൻ)

മനസിജമഹാരാജകനകാസനമായ
മതിമുഖിയാളുടെ ജഘനത്തുങ്കൽ
കനകകാഞ്ചിയെച്ചാർത്തീട്ടതിന്റെ ഭംഗിനോക്കുന്നു
കമലനയനനവളുടെ ഭാഗ്യം ഭാഗ്യം (ഭഗവാൻ)

പാലാഴിയിൽ പള്ളികൊള്ളുന്നോൻ പ്രിയയുടെ
പാദങ്ങളാകുന്ന പല്ലവങ്ങളിലിപ്പോൾ
ചാലിച്ച ചെമ്പഞ്ഞിച്ചാറിനെ ചേർക്കുന്നു
ചാരുവാകുംവണ്ണമെത്രയും ചിത്രം (ഭഗവാൻ)

തനിക്കനുരൂപയാം തരുണിയെ നിതരാം
രമിപ്പിക്കട്ടെ കൃഷ്ണ നിവിടെ വസിപ്പാൻ
ഇനിക്കെന്തു കാര്യം സങ്കേതത്തുങ്കൽ
ഹിതമോടെഴുന്നരുളുന്നില്ലല്ലോ. (ഭഗവാൻ)

ശ്രീജയദേവകവിക്കായിക്കൊണ്ടും

ശ്രീപതിയായ കൃഷ്ണനായിക്കൊണ്ടും

രാജരാജേശ്വരനായിക്കൊണ്ടും
രായും പകലുമഞ്ജലി ചെയ്യുന്നേൻ (ഭഗവാൻ)

ശ്ലോകം

നായാതസ്സഖി ! നിർദ്ദയോ യദി ശഠസ്ത്വം ദൂതി! കിം ദൂയസേ
സ്വച്ഛന്ദം ബഹുവല്ലഭസ്സ രമതേ കിം തത്രതേ ദൂഷണം !
പശ്യാദ്യ പ്രിയസംഗമായ ദയിതസ്യാകൃഷ്യമാണം ഗുണൈ-
രുൽകണ്ഠാതിഭരാദിവസ്ഫുടദിദം ചേതസ്സ്വയം യാസ്യതി !

പരിഭാഷ

വന്നില്ലാളിശഠൻ പ്രിയൻ ഗതദയൻ കിം തത്രതേ ദൂഷണം
വന്യാം വല്ലഭമാരസംഖ്യമവനെത്തേടുന്ന പൂൽകീടുവാൻ
വന്നാലും സ വരാതകണ്ടു വിപിനേ വാണാലുമെന്മാനസം
പിന്നാലേ സഹ ചെന്നു മജ്ജതി ഹരൗ ലജ്ജാം വിനാ കിം ബ്രൂവേ.

## കുഞ്ചൻ നമ്പ്യാർ

പതിനാറാം അഷ്ടപദി ഭാഷ
(പന്തുവരാളി - അടന്ത)

കാനനം തന്നിൽ തന്നോടു സാകം
മാനമൃതേ രമിപ്പവൾക്കിപ്പോൾ കൃഷ്ണൻ
ആനന്ദമേകുന്നു സാദരം
ഞാനിവിടെക്കിടന്നിട്ടു ദുഃഖിക്കുന്നു
മാനിനിമാരിലൊരുത്തിക്കു മായൻ (ആനന്ദ...)

സമർത്ഥനായുള്ള ഹരിവചന മാധുരിയുടെ
സമൃദ്ധികൊണ്ടനുരചിക്കപ്പോളപ്പോൾ (ആനന്ദ...)

വെണ്ണിലാവത്തു വെന്തുരുകാതെ കാമപി
പെണ്ണിനെക്കള്ളൻ കളിപ്പിച്ചിട്ടവൾക്കേറ്റം (ആനന്ദ...)

കാർമുകിൽ വർണ്ണൻ കൂടെ നടന്നു കളിക്കുന്ന
കാമുകിക്കു വിരഹതാപം തീർത്തെത്രയും (ആനന്ദ...)

പരമരമാപതി രമിപ്പിക്കുന്ന നാരിയെ
പരിഹസിക്കുന്നില്ലാരുമവൾക്കിങ്ങിദാനീം (ആനന്ദ...)

താരുണ്യംകൊണ്ടു രമിപ്പിച്ചൊരുത്തിക്കു
കാരുണ്യംകൊണ്ടു കടാക്ഷിച്ചു കൃഷ്ണൻ

ജയദേവകവിയുടെ ഭണിതിക്കു ഭാഷയെ
ജനിപ്പിപ്പാനീശ്വരൻ തുണയാകണമേ

ശ്ലോകം

മനോഭവാനന്ദന , ചന്ദനാനില
പ്രസീദമേ ദക്ഷിണ മുഞ്ച വാമതാം!

ക്ഷണം ജഗൽപ്രാണ വിധായ മാധവം
പുരോ മമ പ്രാണഹരോ ഭവിഷ്യസി!!

രിപുരിവ സഖീംസംവാസോയം ശിഖീവ ഹിമാനിലോ
വിഷമിവ സുധാരശ്മിര്യസ്മിൻ ദുനോതി മനോഗതേ!
ഹൃദയമദയേ തസ്മി ന്നേവസ്വയം വലതേ ബലാൽ
കുവലയദൃശാം വാമ കമ പ്രകാമനിരങ്കുശ!!

ബാധം വിധേഹി മലയാനില പഞ്ചബാണ
പ്രാണൻ ഗൃഹാണ ന ഗൃഹം പുനരാശ്രയിഷ്യേ!
കിം തേ കൃതാന്തഭഗിനി ക്ഷമയാ തരംഗൈ
രംഗാനി സിഞ്ച മമ ശ്യാമതു ദേഹദാഹ!!

പ്രാതർന്നീലനിചോള മാനനമുരസ്സംവീത പീതാംബരം
ഗോവിന്ദം ദധതം വിലോക്യ ഹസതി സ്വൈരം സഖീമണ്ഡലേ!
വ്രീളാചഞ്ചമഞ്ചലം നയനയോരാധായ രാധാനനേ
ദൂരം സ്മേരമുഖോയമസ്തു ജഗദാനന്ദായ നന്ദാത്മജ !!

## കുഞ്ചൻ നമ്പ്യാർ

സർഗം എട്ട്

ശ്ലോകം

അഥ കഥമപി യാമിനീം വിനീയ
സ്മരശരജർജ്ജരിതാപി സാ പ്രഭാതേ |
അനുനയവചനം വദന്തമഗ്രേ
പ്രണതമപി പ്രിയമാഹ സാഭ്യസൂയം ||

പരിഭാഷ

സാ വിപല്യ നിശാം നീത്വാ
രാവിലെ വന്നു നമ്രനാം
ദേവനോടാഹ സാസൂയ-
മേവമായതുദീര്യതേ.

**കുഞ്ചൻ നമ്പ്യാർ**

പതിനേഴാം അഷ്ടപദി ഭാഷ
(ശങ്കരാഭരണം - അടന്ത)

രാത്രിയിലൊരുത്തിയുമായി രമിച്ചനു-
രാഗജാഗരകഷായിതമായിരിക്കും
നേത്രവും വഹിച്ചു സൗഭാഗ്യം കാട്ടുവാനെന്റെ
നേരെ വന്നു നില്പാനിന്നൊരു ചൊല്ലി കൃഷ്ണാ
പോക കേശവ വല്ലേടത്തും നീ
കോകകാമിനിയല്ല ഞാൻ ഭവാൻ
രാ കഴിയുമ്പോൾ പോന്നുവന്നീടുവാൻ ചക്ര-
വാകവുമല്ലെന്നു വഴിയേ ധരിച്ചാലും (പോക...)

ഉറക്കവുമിളച്ചന്യനയന കജ്ജളംകൊണ്ടു
കറുക്കപ്പെട്ടിരിക്കുന്നൊരധരത്തെത്തന്റെ
നിറത്തിനനുരൂപമാക്കിക്കൊണ്ടിഹ വന്നു
നിരർത്ഥമാംവണ്ണം നിൽപ്പാനൊരുചൊല്ലീ (പോക...)

നവങ്ങളാം നഖവ്രണങ്ങളെക്കൊണ്ടങ്കിതമായ
തവ വസുസ്സവളുടെ രതിപാരവശ്യം
വിവരണം ചെയ്യുന്നു ശിവശിവ ജീവനുള്ള ഈ
ശവത്തിനിന്നിതൊക്കെയും കാണാമാറായല്ലോ (പോക...)

ഹന്ത തവാധരത്തിങ്കലകപ്പെട്ട
ദന്തവ്രണംകണ്ടിനിക്കെത്രയും
സന്താപമേറുന്നു മുറിവെൻമുഖമായ
ചെന്തളിരിന്മേലില്ലായ്ക മുഖം (പോക...)

കറുപ്പേറും ശരീരത്തേപ്പോലെ നിന്റെ മനസ്സും
കറുത്തിരിക്കുന്നുവെന്നവസ്ഥയാ തോന്നി
വരുത്തിയ മാനിനിമാരെയെല്ലാം
പുറത്താക്കിച്ചമച്ചേച്ചുപോമോ മറ്റാരാൻ (പോക...)

വഞ്ചിച്ചു മാനേലുംമിഴിമാരെ വധിപ്പാൻ
സഞ്ചരിക്കുന്നു ഭവാൻ വനംതോറും
കിഞ്ചന മുലതന്നു പൂതനയെത്തന്നെ
പഞ്ചതയെ നയിച്ചില്ലേ നീ ബാല്യേ (പോക...)

നമ്പിയ നാരിയുടെ കയ്യിലിഴുകിയ
ചെമ്പഞ്ചിച്ചാറുനീർ മാറത്തിപ്പോഴും
അമ്പോടകത്തുള്ള മാരമരത്തിന്റെ
കൊമ്പുതളിർത്തോണം കാണപ്പെടുന്നു (പോക...)

കേൾക്ക വിദ്വാന്മാരേ ജയദേവൻ വർണ്ണിച്ച
കേശവവഞ്ചിത ഖണ്ഡിതസ്ത്രീയുടെ
നാക്കുമ്മേന്നുദിച്ച വിലാപം നിങ്ങൾക്കൊരു-
നാളും ഭവതാപം ഭവിക്കയില്ലാർക്കും (പോക...)

ശ്ലോകം

തവേദം പശ്യന്ത്യാഃ പ്രസരദനുരാഗം ബഹിരിവ
പ്രിയാപാദാലക്തച്ഛുരിതമരുണദ്യോതി ഹൃദയം |
മമാദ്യ പ്രഖ്യാതപ്രണയഭരഭംഗേന കിതവ
ത്വദാലോകശ്ശോകാദപി കിമപി ലജ്ജാംജനയതി ||

അന്തർമ്മോഹനമൗലി ഘൂർണ്ണനചലന്മന്ദാര വിസ്രംസന
സ്തബ്ധാകർഷണലോചനോത്സവമഹാമന്ത്രഃ കുരംഗീദൃശാം |
ദൃപ്യദ്ദാനവദൂയമാനദിവിഷദ്ദുർവ്വാരദുർവ്വേദനാ
ദ്ധ്വംസഃകംസരിപോഃപ്രരോപയതുവഃശ്രേയാംസി വംശീരവ ||

## കുഞ്ചൻ നമ്പ്യാർ

സർഗം ഒമ്പത്

ശ്ലോകം

താമഥ മന്മഥഖിന്നാം
രതിരസഭിന്നാം വിഷാദസമ്പന്നാം !
അനുചിന്തിതഹരിചരിതാം
കലഹാന്തരിതാമുവാച രഹഃസഖീ!!

പരിഭാഷ
ഏവങ്കാരം വിരഹവിധുരാ രാധകോപിച്ചുപാന്തേ
മേവും കൃഷ്ണം വിരവൊടു വിനിർഭത്സ്യ ചെമ്മേ മറഞ്ഞാൾ
താവത്വാളീസഖിയൊടുപറഞ്ഞുരഹസ്സാമപൂർവ്വം
ഗോവിന്ദം നീ ഉണിനി നിരസിച്ചാളതത്യന്തകഷ്ടം

### കുഞ്ചൻ നമ്പ്യാർ

പതിനെട്ടാം അഷ്ടപദി ഭാഷ
(ശങ്കരാഭരണം - അടന്ത)

മാധവമാസവായുവിനോടു സഹ വന്ന
മാധവനോടു മാനം ചെയ്യുവതയോഗ്യം
കേൾക്ക നീ കേവലമെന്നുടെ വാക്യമിദം
പനങ്കായേക്കാട്ടിലും മുഴുത്ത മുലകളുടെ
കനംകൊണ്ടെന്തൊരു ഫലം കണവനെ പൂണരാഞ്ഞാൽ (കേൾക്ക...)

അരുമരമേശനെ ലഭിപ്പാനുദാസീനം
അരുതരുതെന്നു ഞാനെത്ര പറഞ്ഞു (കേൾക്ക...)

നളിനദളയനേ , നാഥനെകാൺക നീ
നയനസാഫല്യം ലഭിപ്പാൻ വഴിപോലെ (കേൾക്ക...)

എന്തിനു പഴുതേ ഖേദിക്കുന്നു
സന്തതമജനോടു ചേരുക നല്ല. (കേൾക്ക...)
ഹരി വന്നമികേ വിരഹസന്താപത്തെ
ഹരിക്കട്ടെ ഭവതിയെ രമിപ്പിച്ചിടട്ടെ (കേൾക്ക....)

ജയദേവരചനയെ ജപിപ്പിനെല്ലാരും
ജനങ്ങളേ ലോകം രണ്ടുമടക്കണമെങ്കിൽ (കേൾക്ക....)

ശ്ലോകം

സ്നിഗ്ദ്ധേയൽ പരുഷാസിയൽ പ്രണമതി സ്തബ്ധാസിയദ്രാഗിണി
ദ്വേഷസ്ഥാസി യദുന്മുഖേ വിമുഖതാം പ്രാപ്താസി തസ്മിൻ പ്രിയേ!
തദ്യുക്തം വിപരീതകാരിണി തവ ശ്രീഖണ്ഡചർച്ചാവിഷം
ശീതാംശുസ്തപനോ ഹിമം ഹുതവഹ ക്രീഡാമുദോ യാതനാ !!

സാന്ദ്രാനന്ദപുരന്ദരാദി ദിവിഷദ്വധ്യന്ദൈ രമന്ദാദരാ

ദാനൈമ്മർമകുടേന്ദ്ര നീലമണി ഭിസ്സന്ദർശിതേന്ദീവരം
മന്ദസ്യന്ദിമരന്ദതുന്ദിലഗളൻ മന്ദാകിനീമേദൂരം
ശ്രീഗോവിന്ദപദാരവിന്ദമശുഭാസതന്ദായവന്ദാമഹേ

**കുഞ്ചൻ നമ്പ്യാർ**

സർഗം പത്ത്

ശ്ലോകം

അത്രാന്തരേ മസൃണരോഷവശാദസീമ
നിശ്വാസ നിസ്സഹമുഖീം സുമുഖിമുപേത്യ !
സവ്രീളവീക്ഷിതസഖീ വദനാം ദിനാന്തേ
സാനന്ദഗൽഗദപദം ഹരിരിത്യുവാച!!

പരിഭാഷ

അപ്പോളഹോ വരസഖീവചനേന കോപം
പോയ്പ്പോയ രാധയുടെ കുഞ്ജമുപേത്യ കൃഷ്ണൻ
ചിൽപുരുഷൻ ചിതമെഴും ദിവസാവസാനേ
പൊൽപുമകൾക്കുപമയാമവളോടവാദീൽ

## കുഞ്ചൻ നമ്പ്യാർ

പത്തൊമ്പതാം അഷ്ടപദി ഭാഷ
(ശങ്കരാഭരണം - അടന്ത)

കുറേയെങ്കിലും ഭവതി പറയുമെങ്കിൽ പല്ലുകടെ
നെറിയാകുന്ന വെണ്ണിലാവെന്റെ ധീയാം
അറയിൽ നിന്നു ഭീയാമന്ധകാരത്തെ കളഞ്ഞീടട്ടെ
നിറയട്ടക്ഷിചകോരം രണ്ടിനും

പ്രിയേ കേൾക്ക വാക്യം പ്രിയേ കേൾക്ക വാക്യം
കലഹമരുതെന്നോടൊരുനാളും കമനീ മദനാഗ്നി
മാ മെരിപൊരിയെ നയിക്കുന്നു കാമുകി മഖാബ്ജ-
മധുപേയം (പ്രിയേ കേൾക്ക )

എന്നോടു ഭാവിച്ച കോപം പോയില്ലെങ്കി-
ലെന്നോമലേ നയനശരമെയ്ക്കുകാമം
പിന്നെ കൈകളേക്കൊണ്ടു പിടിച്ചുകെട്ടീടുക നീ
തമ്പി ദന്തങ്ങളെകോർക്ക തളിരോഷ്ഠേ (പ്രിയേ കേൾക്ക.....)

നീയേ മമ ഭൂഷണം, നീയേ മമ ജീവനം
നീയേ സംസാരാംബുധിരത്നം
നീയെന്നെയനുസരിച്ചീടണമെപ്പോഴും
ആയതിനു ഞാനെത്ര ചെയ്യുന്നു യത്നം (പ്രിയേ കേൾക്ക.....)

കരിംകുവളപ്പൂപോലെ കറുത്ത നിന്റെ ലോചനം
രക്തകുഞ്ജനിറമായി , കൊള്ളാം
കരുതുന്നകാമശരഭാവംകൊണ്ടു കൃഷ്ണനെയും
രഞ്ജിപ്പിച്ചുവെങ്കിലതിരമ്യം (പ്രിയേ കേൾക്ക.....)

കൊങ്കരണ്ടുമായ പൊൻകുടങ്ങളുടെ മീതെ
പങ്കജാക്ഷീമണിമഞ്ജരി തേ
സംഘടിപ്പിക്കപ്പെട്ടു തവ ജഘനമണ്ഡലേ

ജംഘയോളം താന്നൊരുങ്ങാണം (പ്രിയേ കേൾക്ക.....)

സ്ഥലജലജം ജയിക്കും നിൻകഴൽതലയുഗത്തുങ്കൽ ഞാൻ
നലമോടലകതകംകൊണ്ടലങ്കാരം
കലനംചെയ്വാനരചെയ്കകാമിനീ കടാക്ഷിക്ക
കലക്കുന്ന കരളിനെക്കാമൻ (പ്രിയേ കേൾക്ക.....)

മദനവിഷമരുന്നായ പദപല്ലവം തലയിൽ
തരിക മമ ഞാൻ മയങ്ങും മുമ്പേ
വദനകമലപ്പൂവു വാടുന്ന കാമന്റെ
കദനക്കനലിന്റെ ചൂടേറ്റു (പ്രിയേ കേൾക്ക.....)

പത്മാവതീരമണ ജയദേവകൃതി കേൾക്ക
സത്മായതാം ഭക്തിക്കന്തരംഗം
പത്മനാഭനേയും മാർത്താണ്ഡമന്നനേയും
ഛത്മം വിനാ ഞാൻ തൊഴുന്നേൻ (പ്രിയേ കേൾക്ക.....)

ശ്ലോകം

പരിഹര കൃതാതങ്കേ ശങ്കാം ത്വയാ സതതം ഘന
സ്തനഘനയാക്രാന്തേ സ്വാന്തേ പരാനവകാശിനി.

വിശതി വിതനോരന്യോ ധന്യോ ന കോപി മമാന്തരം
സ്തനഭരപരീരംഭാരംഭേ വിധേഹി വിധേയതാം

വ്യഥയതി വൃഥാ മൗനം തന്വി പ്രപഞ്ചയ പഞ്ചമം
തരുണി മധുരാലാപൈസ്താപം വിനോദയ ദൃഷ്ടിഭി
സുമുഖി വിമുഖീഭാവം താവദ്വിമുഞ്ച ന മുഞ്ചമാം
സ്വയമതിശയ സ്നിഗ്ദ്ധോ മുഗ്ദ്ധേ പ്രിയോയമുപസ്ഥിത

മുഗ്ദ്ധേ വിധേഹി മയി നിർദ്ദയദന്തദംശ
ദോർവ്വല്ലിബന്ധനിബിഡസ്തന പീഡനാനി
ചണ്ഡി ത്വമേവ മുദ്ദമഞ്ചന പഞ്ചബാണ

ചണ്ഡാലകാണ്ഡുദലനാദസവ പ്രയാന്തു

ബന്ധുകദ്യുതിബാന്ധവോയമധര സ്നിഗ്ദ്ധാ മഘൂകഛവി
ർഗ്ഗണ്ഡേ ചണ്ഡി ചകാസ്തി നീലനളിന ശ്രീമോചനം ലോചനം
നാസാന്വേതിതിലപ്രസൂനപദവീം കുന്ദാഭദന്തി പ്രിയേ
പ്രായസ്ത്വന്മുഖസേവയാ വിജയതേ വിശ്വം സപുഷ്പായുധ

ദൃശൗതവ മദാലസേ വദനമിന്ദു മത്യമ്പിതം
ഗതിസ്തവ മനോരമാ വിജിതഹംഭ മുരുദ്വയം
രതിസ്തവ കലാവതീ രുചിരചിത്രലേഖേഭ്രുവാ
വഹോ! വിബുധയൗവനം വഹസി തമ്പി പൃത്ഥീഗതാ

ശശിമുഖി തവഭാതി ഭംഗുരഭ്രൂ
ർയ്യൂവജന മോഹകരാള കാളസർപ്പീ
തദുദിത വിഷഭേഷജന്ത്വി ഹൈകാ
ത്വദധര ശിഥുസുധൈവ ഭാഗ്യഭോഗ്യാ

പ്രിതിം വസ്തനതാം ഹരി കുവലയാ പീഡേ സാർദ്ധം രണേ
രാധാപീനപയോധരസ്മരണകൃൽ കുംഭേന സംഭേദവാൻ
യത്ര സ്വിദ്യതി മീലതി ക്ഷണമഭൽ ക്ഷിപ്തദ്വിപേപിക്ഷണാൽ
കംസസ്യാഥ ബലേജിതം ജിതമിതി വ്യാമോഹകോലാഹല.

**കുഞ്ചൻ നമ്പ്യാർ**

സർഗം പതിനൊന്ന്

ശ്ലോകം

സുരുചിരമനുനയേന പ്രീണയിത്വാ മൃഗാക്ഷീം
ഗതവതി കൃതവേഷേ കേശവേ കേളിശയ്യാം |
രുചിതരുചിരവേഷാം ദൃഷ്ടിമോഷേ പ്രദോഷേ
സ്ഫുരതി നിരവസാദാം കാപി രാധാം ജഗാദ ||

പരിഭാഷ

ഏവമാദി വചനാമൃതാബ്ധിയിലിറക്കി മുക്കി മുഹുരംഗനാം
ദേവകീസുതനെയിങ്ങു കുഞ്ജശയനം ഗതം കുടിലകുന്തളാ
കാപി ഗോപി ഭുവി കൂരിരുട്ടിഹ പരന്നു കണ്ണുകവരും വിധൗ
കാപഥസ്ഥിതി വെടിഞ്ഞ രാധയൊടുവാച വാചമിതി സാദരം

## കുഞ്ചൻ നമ്പ്യാർ

ഇരുപതാം അഷ്ടപദി ഭാഷ
(വസന്തഭൈരവി - അടന്ത)

വിരഹവേദനയും പറഞ്ഞു നിൻപാദേ
വിരവൊടു വീണു നമിപ്പോൻ
വിരചിതപൂമെത്തയിന്മേലിലിന്നു നിൻ
വരവുണ്ടെന്നോർത്തു വാഴുന്നു
രാധേ നിശമയ നീ മാധവമനുസര വാചം
രാധേ നിശമയ നീ
ഘനജഘനാദികനംകൊണ്ടു മന്ദം
കനിവൊടു ചെല്ലുന്ന നിന്റെ
കനകചിലമ്പൊലി കേട്ടു ചിത്തജ-
ജനകനാശ്വസിക്കട്ടെ ചെമ്മേ- (രാധേ നിശമയ...)

കേൾപ്പെട്ട ജഗത്ത്രയമന്നനാം മദനന്റെ
കല്പന പറയപ്പെടുന്നു
ജല്പിക്കും വണ്ടുകളാലും കൂജിത-
തൽപരകുയിലുകളാലും (രാധേ നിശമയ...)

തളിർത്ത പൂവള്ളികളനിലതരളതര
തളിർക്കരങ്ങളെക്കാട്ടി നിന്നെ
വിളിച്ചിട്ടുപോവാൻ പ്രേരണം ചെയ്യുന്നു
വിളംബനമരുതൊട്ടും പുറപ്പെട്ടാലും (രാധേ നിശമയ...)

സ്മരതിരമാലകളുടെ പരമ്പരയേവ
പരിസ്ഫുരിക്കും പാവനകുചകുംഭം
ഹരിപരിരംഭസുഖോദയമടുത്തതു
സൂചിക്കുന്നു ചോദിച്ചാലും (രാധേ നിശമയ...)

അരിയ സുരതകലഹത്തെച്ചെയ്‌വാൻ
അരയും തലയും മുറുക്കി
മരുവുന്നതാളികളാരുമറിഞ്ഞുമറിയാതെ

കേശവമഭിസരിച്ചാലും (രാധേ നിശമയ...)

നല്ല വലത്തുകരം കൊണ്ടാളിയെ
നലമൊടവലംബിച്ചു
ചെല്ലുക ചലവലയാദികിലുക്കം
ചെവിയൊപ്പിച്ചജപാർശ്വേ

ഏഷാ ജയദേവകവിരാജകൃതിയുടെ
ഭാഷാ വിദുഷാം ഭക്തജനാനാം
ഭൂഷണമകട്ടെ കണ്ഠേ സുജനം
ഭൂഷണം പൊറുക്ക തൊഴുന്നേൻ (രാധേ നിശമയ...)

ശ്ലോകം

സാ മാം ദ്രക്ഷ്യതി വക്ഷ്യതി സ്മരകഥാഃ പ്രത്യംഗമാലിംഗനൈഃ
പ്രീതിം ദാസ്യതി രംസ്യതേ നന്ദ സമാഗത്യേതി ചിന്താകുലഃ |
സത്വാം പശ്യതി വേപതേ പുളകയത്യാനന്ദതി സ്വിദ്യതി
പ്രത്യുൽഗഛതി മൂർഛതി സ്ഥിരതമഃ പുഞ്ജേ നികുഞ്ജേ പ്രിയഃ ||

അക്ഷ്ണോർന്നിക്ഷിപദഞ്ജനം ശ്രുവണയോ സ്താപിഞ്ഛഗുഛാവലീം
മൂർദ്ധനി ശ്യാമസരോജദാമ കുചയോഃ കസ്തൂരികാ പത്രകം |
ധൂർത്താനാമഭിസാര സാഹസകൃതാം വിഷ്വങ്ങ്നികുഞ്ജേ സഖി
ധ്വാന്തം നീലനിചോളചാരു സുദൃശാം പ്രത്യംഗമാലിംഗതി ||

കാശ്മീരഗൗരവപുഷാമഭിസാരികാണാ-
മാബദ്ധരേഖമഭിതോ രുചിമഞ്ജരീഭിഃ |
ഏതത്തമാലദലനീലതമം തമിസ്രം
തൽപ്രേമഹേമനികഷോപലതാം പ്രായതി ||

ഹാരവലീതരള കാഞ്ചന കാഞ്ചിദാമ-
മഞ്ജീരകങ്കണമണിദ്യുതിദീപിതസ്യ |
ദ്വാരേ നികുഞ്ജനിലയസ്യ ഹരിം നിരീക്ഷ്യ
വ്രീളാവതി രിതിസഖീ നിജഗാദ രാധാം ||

പരിഭാഷ

ഹാരാദ്യാഭരണപ്രഭാഹതതമസ്സായിട്ടു വല്ലീഗൃഹ-
ദ്വാരേ നിന്നരുളുന്ന നന്ദസുതനെക്കണ്ടിട്ടു കാമാർത്തിയും
പാരം ലജ്ജയുമാവഹിച്ചുവശമായീ രാധ ഭൂയോപിസാ
സാരസ്യാതി സമർത്ഥയായ സഖിയാലൂചേ തദാ സാദരം

**കുഞ്ചൻ നമ്പ്യാർ**

ഇരുപത്തിയൊന്നാം അഷ്ടപദി ഭാഷ

(ഘണ്ട - ചെമ്പ)

വടിവൊടു നീ വലവല്ലീഭവനേ
കുടിപൂക കൃഷ്ണനോടുകൂടി വിഹരിപ്പാൻ
നിരപരാധേ നീതിമതി രാധേ
തെളിവേറുമശകിന്റെ തളിരുകളേക്കൊണ്ടുള്ള
തളിമമലങ്കരിക്ക നീ തരുണേന സാകം (നിരപരാധേ...)

പൂവുകളേക്കൊണ്ടു തീർത്ത പുതിയ വസതൗ
നീ വിലസിതാളുലനിതംബേ (നിരപരാധേ...)

വളരെയുള്ള വള്ളികടെ തളിരുകളേക്കൊണ്ടിവിടെ
വളഭി വളരുന്നു ചുമരഖിലവും കണ്ടോ
കുസുമമ്മധുവുണ്ടിട്ടു കൂകുന്ന കുയിലുകടെ
കുലങ്ങളുടെ പഞ്ചമപ്പാട്ടു കേട്ടോ നീ (നിരപരാധേ...)

തണ്ടലരമ്പന്റെ ഹുങ്കാരം പോലെ തേനുണ്ട
വണ്ടുകടെ ഝങ്കാരം കേട്ടോ നീ (നിരപരാധേ...)

ജയദേവകവിരാജ ജയ വന്ദേ
ജയ ദേവകീതനയ സതതം നമോസ്തുതേ (നിരപരാധേ...)

ശ്ലോകം

ത്വാം ചിത്തേന ചിരം വഹന്നയമതി ശ്രാന്തോ ഭൃശം താപിതഃ
കന്ദർപ്പേണച പാതുമിഛതി സുധാസംബാധബിംബാധരം |
അസ്യാങ്കം തദലങ്കുരു ക്ഷണമിഹ ഭ്രൂക്ഷേപ ലക്ഷ്മീലവ-
ക്രീതേ ദാസ ഇവോപസേവിതപദാംഭോജേ കുതസ്സംഭ്രമഃ ||

സാ സമാസാദ്യ സാനന്ദം
ഗോവിന്ദേ ലോലലോചനാ |

ശിഞ്ജാനമഞ്ജു മഞ്ജീരം
പ്രവിവേശനിവേശനം ‖

ദണ്ഡകം

എന്തേ മടിച്ചിവിടെ നിൽക്കുന്നു നീ വിഹിതചിന്താമണേ
വിദൃഷികണ്ടോ? ഹന്ത ഹരി കുഞ്ജദ്വാരി വിരഹാഗ്നൗ
വെന്തുരുകി വസതി നതബന്ധുതവ വരവിനെ വിചിന്ത്യ
കണവനോടണക കമനീയേ
മേൿരുമുത്തണിമുലേ, നീ ഭജിക്ക തിരുചാരത്രരു, മസ്യ
പരമോഷ്ഠം ചോരുമരുണിംമ്നാ ചോര ചൊരിയുന്ന
ചോരി പിബ മധുരമാരുമറിയരുതു, തവ ചേരുമോ
കിമിനിയുമിഹ ദൂരമഭിമാനം
നീയും കൊട്ടുക്ക മുഖമസ്യൈ മുദാ, മദനതീയും കെട്ടുക്ക
വിരഹാർത്ത്യാ കായുമദസീയം കായമതിഗാഢം ന്യായവതി പുണരുക
രമായുവതിരിവ മായുവതി, നഹഹ തവഭാഗ്യം!

ഏവം സഖീവചനമാകർണ്യ രാധ വസുദേവാത്മജേന
സഹ പോയി, ദേവനുടെ തല്പേ പീവരതദങ്കേ മേവി പര-
മിവരുടയ തൊഴിലു പറക ജയദേവനെളു, തിതരനതസാദ്ധ്യം

## കുഞ്ചൻ നമ്പ്യാർ

ഇരുപത്തിരണ്ടാം അഷ്ടപദി ഭാഷ
(മദ്ധ്യമാവതി - ഏകതാളം)

ചന്ദ്രനുദിക്കുമ്പോൾ കരകവിയാൻ
ചലമായ കടലെന്ന പോലെ
നന്ദി െവടിഞ്ഞരാന്നുടെ മുഖംകണ്ടിട്ടു
തരളവികാരനായൊരു കൃഷ്ണന്റെ
മടിയിലിരുന്നു മതിമുഖി രൂപംകണ്ടു
മടവയരണിമുടിരാധിക മദനപിതാവിനെ
പുണർന്നുകൊണ്ടവന്റെ (മടിയിലിരുന്നു...)

പതകടെ തതിയെ വഹിച്ചെമുനയുടെ
പടുതതങ്കും ജലപൂരം പോലെ
ബത മൗക്തികമാല ചാർത്തി വിളങ്ങും
ബലദേവാനന്തരജാതന്റെ (മടിയിലിരുന്നു...)

പരിചൊട്ടു ഗൗരപരാഗം ചുഴലവും
കരുതിയ കരിംകുവളപ്പൂപോലെ
പരിഹിത പീതാംബരനായിരുന്നിട്ടു
കരളിനെ കവരുന്ന മുകിൽവർണ്ണന്റെ (മടിയിലിരുന്നു...)

അഞ്ജനമെഴുതിയ കണ്ണിണയാകും
ഖഞ്ജനയുഗളം കളിക്കുന്ന മുഖമാം
മഞ്ജുളകഞ്ജം കൊണ്ടാത്മാവിനെ
രഞ്ജിപ്പിച്ച രമാരമണന്റെ (മടിയിലിരുന്നു...)

കവിളിനിണങ്ങിയ കുണ്ഡലയുഗളംകൊണ്ടും
ധവളസ്മിതരുചികൊണ്ടും

പവിഴനിറംപെറുമധരംകൊണ്ടും
വിവശതനൽകും നളിനാക്ഷന്റെ (മടിയിലിരുന്നു...)

ശ്യാമളമായ ശരീരം മുഴുവൻ
കോമളിമാവും ചേരും കോപ്പും
രോമാഞ്ചവുമണിഞ്ഞഴകൊട്ടു വാഴും
രാമാനുജനെ രസിപ്പിച്ചവന്റെ (മടിയിലിരുന്നു...)

ഏഷാജയദേവകവിവരകൃതിയുടെ
ഭാഷാ വിദുഷാം ഭക്തജനാനാം
ഭൂഷണമാകട്ടെ കണ്ടോ, സുജനം
ദൂഷണം പൊറുക്ക തൊഴുന്നേനനിശം (മടിയിലിരുന്നു...)

ശ്ലോകം

അതിക്രമ്യാപാംഗം ശ്രവണപഥരര്യന്തഗമന-
പ്രയാസേനൈവാക്ഷ്ണോസ്തരളതര ഭാവം ഗമിതയോഃ |
തദാനീം രാഗായാഃ പ്രിയതരസമാലോകസമയേ
പപാത സ്വേദാംഭഃ പ്രകര ഇവ ഹർഷാശ്രു നിവഹഃ ||

ഭജന്ത്യാസ്തല്പാന്തം കൃതകപടകണ്ഡൂതിപിഹിത-
സ്മിതം യാതേ ഗേഹാൽ ബഹിരവഹിതാളീപരിജനേ |
പ്രിയാസ്യം പശ്യന്ത്യാഃ സ്മരസമരസാകൂതസുഭഗം
സലജ്ജാ ലജ്ജാപി വ്യഗമദതിദൂരം മൃഗദശഃ ||

ജയശ്രീവിസ്രസ്തൈർമ്മഹിത ഇവ മന്ദാരകുസുമൈഃ
പ്രകീർണ്ണാസൃഗ്വിന്ദുർജ്ജയതി ഭുജദണ്ഡോസുരജിതഃ |
നിജക്രീഡാപീഡാഹത കുവലയാപീഡകരിണോ
രണേ സിന്ദൂരേണ ച്യുതരണമുദാ മുദ്രിത ഇവ ||

അക്ഷ്ണോർന്നിക്ഷിപദഞ്ജനം ശ്രവണയോ സ്താപിഞ്ഛഗുഛാവലീം
മൂർദ്ധനി ശ്യാമസരോജദാമ കുചയോഃ കസ്തൂരികാ പത്രകം |
ധൂർത്താനാമഭിസാര സാഹസകൃതാം വിഷ്വങ്ങ്നികുഞ്ജേ സഖി
ധ്വാന്തം നീലനിചോളചാരു സുദൃശാം പ്രത്യംഗമാലിംഗതി ||

കാശ്മീരഗൗരവപുഷാമഭിസാരികാണാ-
മാബദ്ധരേഖമഭിതോ രുചിമഞ്ജരീഭിഃ |
ഏതത്തമാലദലനീലതമം തമിസ്രം
തൽപ്രേമഹേമനികഷോപലതാം പ്രായതി ||

ഹാരാവലീതരള കാഞ്ചന കാഞ്ചിദാമ-
മഞ്ജീരകങ്കണമണിദ്യുതിദീപിതസ്യ |
ദ്വാരേ നികുഞ്ജനിലയസ്യ ഹരിം നിരീക്ഷ്യ
വ്രീളാവതി രിതിസഖീ നിജഗാദ രാധാം ||

പരിഭാഷ

ഹാരാദ്യാഭരണപ്രഭാഹതതമസ്സായിട്ടു വല്ലീഗൃഹ-
ദ്വാരേ നിന്നരുളുന്ന നന്ദസുതനെക്കണ്ടിട്ടു കാമാർത്തിയും
പാരം ലജ്ജയുമാവഹിച്ചുവശമായീ രാധ ഭൂയോപിസാ
സാരസ്യാതി സമർത്ഥയായ സഖിയാലൂചേ തദാ സാദരം

## കുഞ്ചൻ നമ്പ്യാർ

സർഗം പന്ത്രണ്ട്

ശ്ലോകം

ഗതവതി സഖീവൃന്ദേ മന്ദത്രപാഭരനിർഭര-
സ്മരപരവശാകൂത സ്യൂതസ്മിതസ്നപിതാധരാം |
സരസമലസം ദൃഷ്ട്വാ ദൃഷ്ട്വാ മുഹുർന്നവപല്ലവ-
പ്രസവശയനേ നിക്ഷിപ്താക്ഷീമുവാച ഹരിഃപ്രിയാം ||

പരിഭാഷ

സഖീജനം പോയശേഷം
സുഖീസ ഭഗവാൻ മുദാ
രാധയോടരുളിച്ചെയ്തു
ബാധതീർപ്പാനിമാം ഗിരം

## കുഞ്ചൻ നമ്പ്യാർ

ഇരുപത്തിമൂന്നാം അഷ്ടപദി ഭാഷ
(നാദരാമക്രിയ - ഏകതാളം)

തളിരുകളാകിയ തളിമതലേ കുരു
ചരണനളിനയുഗളം നീ
കിളിമൊഴി തവ പദപല്ലവ പരി-
പന്ഥിപടലി ചവിട്ടുകൊള്ളട്ടെ
നിശമയ രാധേ നീ ഗിരം
നിശിത മദനശരഹതി ഭാപാരം
പിന്നക്കാലുകളീന്നു കലമ്പും
പൊന്നുഞ്ചിലമ്പഴിച്ചാലും
തന്വി മാം പ്രാപിപ്പാനിരുട്ടു ചവുട്ടിയ
നിന്നടിമലരിണ തിരുമ്മീടാം ഞാൻ (നിശമയ...)

മധുരവചനങ്ങളെക്കേട്ടാവൂ ഞാൻ നിന്റെ
മധുവുള്ള മുഖം നുകർന്നാവൂ
വിധുമുഖി മുലക്കച്ചയഴിച്ചു പുണർന്നാവൂ
വിധുരത തീർന്നു രമിപ്പാൻ (നിശമയ...)

പുളകിതകുചകലശങ്ങളെ വഴിയേ
പുണരുവാൻ തരിക നീ ഋർണ്ണം
കളമേ കാമസന്താപം കാമുകി
കമനീയകബരീഭാരേ
വിരഹംകൊണ്ടു മരിച്ചകണക്കിഹ
മരുവുമിവൻ ജീവിപ്പാൻ
വിരവിനൊടധരാമൃതദായിനീ
വിരചയ ദാസേ മയി കരുണാം (നിശമയ...)

കോകിലകാകളി കേട്ടുകേട്ടെത്രയു-
മാകുലമായൊരു കർണ്ണം രണ്ടും
മേഖലയുടെ ശിഞ്ജിതവും മണിതവു-
മാകർണ്ണനം ചെയ്തു സുഖിച്ചീടട്ടേ (നിശമയ...)

ത്രപയേയു മഫലരുട്ടിനേയും ത്യജമയി
കൃപചെയ്ക രമിപ്പാൻ
വിപരീതരതി ചാതുരി കരുതും നീ
വിപരീതയാകാതെ ഭവിച്ചാലും (നിശമയ...)

ശ്ലോകം

പ്രത്യൂഹഃ പുളകാങ്കുരേണ നിബിഡാശ്ലേഷേ നിമേഷേണ ച
ക്രീഡാകൂത വിലോകനേധരസുധാപാനേ കഥാനർമ്മഭിഃ |
ആനന്ദാധിഗമേന മന്മഥകലായുദ്ധേപി യസ്മിന്നഭ്രു-
ദുൽഭ്രുതസ്സ തയോസ്സ്വത്രപലളിതാരംഭഃ പ്രിയം ഭാവുകഃ ‖

ഭോർഭ്യം സംയമിതഃ പയോധരഭരേണാപീഡിതഃ പാണിജൈ
രാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ ശ്രോണീതലേനാഹതഃ |
ഹസ്തേനാനമിത: കചേധരസുധാ പാനേന സമ്മോഹികഃ
കാന്തഃ കാമപി തൃപ്തിമാപ തദഹോ! കാമസ്യ വാമാഗതിഃ ‖

മാരാങ്കേ രതികേളി സങ്കുലരണാരംഭേ തയാ സാഹസ-
പ്രായം കാന്തജയായ കിഞ്ചിദുപരപ്രാമംഭി യൽ സംഭ്രമാൽ |
നിഷ്പന്ദാ ജഘനസ്ഥലീ ശിഥിലതാ ദോർവ്വല്ലിരുൽകമ്പിതം
വക്ഷോ മീലിതമക്ഷി സാഹസമസഃ സ്ത്രീണാം കുതസ്സിദ്ധ്യതി ‖

തസ്യാഃ പാടല പാണിജാങ്കിതമുരോ നിദ്രാകഷായേ ദൃശൗ
നിർദ്ധൗതോധരശോണിമാ വില്ലളിതസ്രസ്തസ്രജോ മൂർദ്ധജാഃ |
കാഞ്ചീദാമ ദരശ്ലഥാഞ്ചലമിതി പ്രാതർന്നിഖാ തൈർദൃശോ
രേഭിഃ കാമശരൈസ്തദത്ഭുതമഭ്രൽ പത്യൂർമ്മനഃ കീലിതം ‖

ഈഷന്മീലിത ദൃഷ്ടി മുഗ്ദ്ധരസിതം സീൽകാരബാധാവശാ-
ദവ്യക്താകുലകേളികാകുവിലസദ്ദന്താംശു ധൗതാധരം |
ശ്വാസോത്തപ്തപയോധരംഭൃശപരിഷാംഗീ കുരംഗീദൃശോ
ഹർഷോൽകമ്പി വിമുക്ത നിസ്സഹതനോർദ്ധന്യോ ധയത്യാനനം ‖

അഥകാന്തം രതിശ്രാന്ത-
മപിമണ്ഡനവാഞ്ഛയാ |
ജഗാദ മാധവം രാധാ
മുഗ്ദ്ധാ സ്വാധീനഭർത്തൃകാ ||

പരിഭാഷ

രാ പോവോളോ മുപരിസുരതം ചെയ്തുജന്നും തനിക്കും
താപോദ്രേകം വിരവിനൊടൊഴിച്ചൻപൊടാനന്ദസിന്ധൗ
നാരീ രാധാ ദയിതയുതയായിട്ടിറങ്ങിക്കളിക്കും
നേരം രാമാനുജനൊടു തനൗ കോപ്പിടീപ്പാൻ പറഞ്ഞാൾ

## കുഞ്ചൻ നമ്പ്യാർ

ഇരുപത്തിനാലാം അഷ്ടപദി ഭാഷ
(കല്യാണി - ഏകതാളം)

മുത്തണിയുന്നൊരു മാമകമുലയാം
ഉത്തമകലശേ കസ്തൂരികയാ
പത്രകമെഴുതുക തവകരകൗശലം
എത്രയുമേറുമറിവനഹം

ക്രിയതാമലംക്രിയ സാദരം
പ്രിയതമഃ മമ തന്ന മുഴവൻ (ക്രിയതാം...)

കഞ്ജശരാഹവഗതമഷിയാമെന്റെ
കണ്ണിണയിങ്കലിദാനിം
അഞ്ജനമെഴുതുക ഭഗവൻ ഭംഗിയിൽ
അംബുജലോചന, കൃഷ്ണ, ഹരേ (ക്രിയതാം...)

കണ്ണുകളുടെ ഗതി തടുത്തു വിളങ്ങും
കർണ്ണം രണ്ടിലുമുജ്ജ്വലമാം
കുണ്ഡലമിടുക കപോലതലദ്വയ-
മണ്ഡലമണ്ഡനമായ് വരുവൻ (ക്രിയതാം...)

അളകകുലം കൊണ്ടമല മുഖത്തിനൊ-
മഴകുവരുത്തുക, മമ വദനം
അളികൾകൊണ്ടു വിളങ്ങും വികസിത
നളിനംപോലെ ലസിച്ചിടുവാൻ (ക്രിയതാം...)

മൃദുലത തേടിയൊരളികതലേ മൃഗ
മദതിലകത്തെ രചിക്കമുദാ
മദിരാക്ഷ്യാ മമ നെറ്റികളങ്ക-
മുദിപ്പിച്ചു ചന്ദ്രനെ വെന്നീടുവാൻ (ക്രിയതാം...)

രതിരണലീലയിലഴിഞ്ഞൊരു തലമുടി

രതിയെ വിടർത്തു തേടീടുക ഭാഗ്യം
പുതിയ പുഷ്പങ്ങളെ മേളിക്ക മാധവ
മതിയാവോളം മമ ചികുരേ (ക്രിയതാം...)

കടിതടസീമനി കനകനിറം പെറും
പുടകയുടുപ്പിച്ച കാഞ്ചനകാഞ്ചിയെ
വടിവൊട്ടു ഘടിപ്പിക്ക മറയ്ക്കമനോഭവ-
കുടിയേയും തുണൊത്ത തുടകളേയും (ക്രിയതാം...)

ജലജവിലോചനനാം കൃഷ്ണനെയും
നലമൊട്ടു കവിയാം ജയദേവനെയും
വലരിപുസമനാം വഞ്ചീശനെയും
കലയേ ഹൃദി കലുഷം കളവാൻ (ക്രിയതാം...)

ശ്ലോകം

രചയ കുചയോഃ പത്രം ചിത്രം കുരുഷ്വ കപോലയോർ-
ഘർടയ ജഘനേ കാഞ്ചീം മഞ്ജുസ്രജം കബരീഭരേ |
കലയ വലയശ്രേണീഃ പാണൗ പദേ കുരുനൂപുരാ-
വിതി നിഗദിതഃ പ്രീതഃ പീതാംബരോ പി തഥാകരോൽ ||

ത്വാമപ്രാപ്യ ധൃതസ്വയംബരരസാം ക്ഷീരോദതീരോദരേ
ശങ്കേ കാമിനി കാളകൂടമപിബന്മൂഢോ മൃഡാനീപതിഃ |

ഇത്ഥംപൂർവ്വകഥാപിരന്യ മനസാ വിക്ഷിപ്യ വസ്ത്രാഞ്ചലം
രാധായാസ്തനകോരകോപരി ലസന്നേത്രോ ഹരിഃ പാതുവഃ ||

പര്യങ്കീകൃതനാഗനായകഫണശ്രേണീ മണീനാം ഗണേ
സംക്രാന്ത പ്രതിബിംബസങ്കലനയാ ബിഭ്ര ദ്വപുഃ പ്രക്രിയാം |
പാദാംഭോജവിഹാരി വാരിധിസുതാമക്ഷ്ണാം ദിദൃക്ഷുശ്ശതൈഃ
കായവ്യൂഹമിവാകരോൽ ഉരുമുദാ യോസൗ ഹരിഃ പാതുവഃ ||

യൽ ഗാന്ധർവ്വകലാസു കൗശലമനുധ്യാനഞ്ച യദ്വൈഷ്ണവം

യച്ഛൃംഗാര വിവേകതത്ത്വമപിയൽ കാവ്യേഷുലീലായിതം |
തത്സർവ്വം ജയദേവപണ്ഡിതകവേഃ കൃഷ്ണൈകതാനാത്മന-
സ്സാനന്ദാഃ പരിശോധയന്തു സുധിയഃ ശ്രീ ഗീതഗോവിന്ദതഃ ||

യന്നിത്യൈർവ്വചനൈർവ്വിരിഞ്ചഗിരിജാ പ്രാണേശമുഖൈർമ്മുഹുർ
ന്നാനാകാരവിചാരസാരചതുരൈർന്നാദ്യാപി നിശ്ചീയതേ |
തത്സദ്വൈർജ്ജയദേവകാവ്യഘടി തൈസ്സൽസൂരിസംശോധിതൈ-
രാദ്യം വസ്തു ചകാസ്തു ചേതസി പരം സാരസ്യസീമാ ജുഷാം ||

സാദ്ധ്വീ മാദ്ധ്വീക ചിന്താ ന ഭവതി ഭവതശ്ശർക്കരേ ശർക്കരാസി
ദ്രാക്ഷേ ഭക്ഷന്തി കേത്വാമമൃത മൃതമസി ക്ഷീരനീരത്വരേഷി |
മോചേ മാജീവ ജായാധര ധരക്ഷുഹരേ മജ്ജയുഷ്മജ്ജയായൈ
വാകല്പം കല്പിതാംഗ്യാ യദിഹഭുവി ഗിരാ സ്ഥീയതേ ജായദേവ്യാ ||

പരിഭാഷ

രത്യാ രാധ പറഞ്ഞവണ്ണമവളെ ശ്രീകൃഷ്ണനാം ചിൽപുമാ-
നത്യാശ്ചര്യവിഭൂഷണാവലികളെക്കൊണ്ടാത്തകൗതുഹലം
നിത്യാനന്ദനലങ്കരിച്ചു നിതരാം സംഭാവ്യസന്തുഷ്ടയാം
സത്യാസാകമരംസ്തയസ്സ ഭഗവാനുള്ളിൽ കളിച്ചാവുമേ

പ്രസാധകർ
താളിളക്കം